മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*61)

## പുനർഗേഹം പദ്ധതി

1 (*61) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. വി. ജോയി:
ശ്രീമതി യു. പ്രതിഭ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തിന്റെ തീരദേശ വേലിയേറ്റ മേഖലയിൽ നിന്നും അൻപത് മീറ്റർ പരിധിയ്ക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ ജനവിഭാഗങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ എത്ര വീടുകൾ പൂർത്തീകരിച്ച് നൽകിയിട്ടുണ്ടെന്നും അതിനായി ചെലവഴിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കുമോ;

(സി) പദ്ധതിയിലേയ്ക്കുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും

പദ്ധതിക്കാവശ്യമായ സ്ഥലം കണ്ടെത്തുന്നതിനും നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ഡി) തീരദേശ ജനതയുടെ സമഗ്രമായ വികസനത്തിനുതകുന്ന പദ്ധതിയെന്ന നിലയിൽ പുനർഗേഹം പദ്ധതി കൂടുതൽ വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, (എ) തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ ഭവനമൊരുക്കി പുനരധിവസിപ്പിക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നിലവിൽ 21220 കുടുംബങ്ങൾ ഇത്തരത്തിൽ തീരദേശത്ത് അധിവസിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 8743 കുടുംബങ്ങൾ സുരക്ഷിതമേഖലയിലേയ്ക്ക് മാറിത്താമസിക്കാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. സുരക്ഷിത മേഖലയിലേയ്ക്ക് മാറിത്താമസിക്കാൻ സന്നദ്ധത അറിയിച്ചവർക്ക് സ്വന്തം നിലയിൽ സർക്കാർ ധനസഹായത്തോടെ 2 മുതൽ

3 സെന്റുവരെ ഭൂമി വാങ്ങി ഭവനം നിർമ്മിക്കാനും ഭൂമിയും വീടും ഒരുമിച്ച് വാങ്ങാനും ഗ്രൂപ്പുകളായി ഭൂമി കണ്ടെത്തി ഫ്ലാറ്റ് നിർമ്മിക്കാനും കഴിയും. ഒരു കുടുംബത്തിന് ഇതിനായി പരമാവധി 10 ലക്ഷം രൂപയാണ് ധനസഹായം. കൂടാതെ ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ സർക്കാർ ഭൂമിയിലും സ്വകാര്യ ഭൂമി ഏറ്റെടുത്തും ഫ്ലാറ്റുകൾ നിർമ്മിച്ചും പുനരധിവാസം ഉറപ്പാക്കുന്നു. ഫ്ലാറ്റുകളിലേയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ജില്ലാകളക്ടർ ചെയർമാനും ജനപ്രതിനിധികൾ അംഗങ്ങളുമായ സുതാര്യ സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്.

(ബി) സുരക്ഷിത മേഖലയിലേയ്ക്ക് മാറിത്താമസിക്കുന്നതിന് സമ്മതം അറിയിച്ചിട്ടുള്ള 8743 പേരിൽ 4200 പേർ സ്വന്തം നിലയിൽ ഭൂമി കണ്ടെത്തുകയും 3472 പേർ ഭൂമി രജിസ്ട്രേഷൻ പൂർത്തീകരിച്ച് ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ഇതിൽ 2174 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പുനർഗേഹം പദ്ധതിപ്രകാരം തിരുവനന്തപുരം ജില്ലയിലെ കാരോട് 128-ഉം

ബീമാപള്ളിയിൽ 20-ഉം മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ 128-ഉം കൊല്ലം ജില്ലയിലെ ക്യു.എസ്.എസ്. കോളനിയിൽ 114-ഉം ഫ്ലാറ്റുകൾ ഉൾപ്പെടെ 390 ഫ്ലാറ്റുകൾ നിർമ്മിച്ച് ഇതിനകം ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 250 കോടി രൂപയും സംസ്ഥാന വിഹിതത്തിൽനിന്നും 103.75 കോടി രൂപയും ഉൾപ്പെടെ 353.75 കോടി രൂപ അനുവദിക്കുകയും 343.69 കോടി രൂപ ഇതുവരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 2018-ൽ ഫിഷറീസ് വകുപ്പ് തീരദേശത്ത് നടത്തിയ വിശദമായ സർവ്വേപ്രകാരം കടലോരത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ 18685 കുടുംബങ്ങൾ അധിവസിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. 2020-ൽ പുനർഗേഹം പദ്ധതി ആരംഭിച്ച ശേഷം ലഭിച്ച അപ്പീൽ അപേക്ഷകൾ ഉൾപ്പെടെ 21220 ഗുണഭോക്താക്കളാണുള്ളത്.

ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല അപ്രൂവൽ കമ്മിറ്റിയാണ് ഗുണഭോക്തൃ പട്ടികയ്ക്ക് അംഗീകാരം നൽകുന്നത്. കോർപ്പറേഷൻ/ മുൻസിപ്പാലിറ്റി പ്രദേശങ്ങളിൽ കുറഞ്ഞത് 2 സെന്റും പഞ്ചായത്ത് പ്രദേശങ്ങളിൽ 3 സെന്റും ഭൂമിയാണ് അപേക്ഷകൻ സ്വന്തമായി കണ്ടെത്തേണ്ടത്. ഇത്തരത്തിൽ അനുയോജ്യമായ ഭൂമി കണ്ടെത്തിക്കഴിഞ്ഞാൽ മത്സ്യഭവൻ ഓഫീസറെ അറിയിക്കേണ്ടതും മത്സ്യഭവൻ ഓഫീസർ അപേക്ഷകന്റെയും വസ്തു ഉടമയുടെയും സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തി ഭവന നിർമ്മാണത്തിന് അനുയോജ്യമാണെന്നും കടബാദ്ധ്യതകൾ ഇല്ലാത്തതാണെന്നും സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് ഉറപ്പുവരുത്തി ജില്ലാ മത്സ്യഭവൻ ഓഫീസർക്ക് റിപ്പോർട്ട് ചെയ്യുന്നു. അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ/അഡീഷണൽ ഗവൺമെന്റ് പ്ലീഡർ എന്നീ തസ്തികയിൽ കുറയാത്ത ഉദ്യോഗസ്ഥനിൽനിന്നും തുടർന്ന് ലീഗൽ സ്ക്രൂട്ടിനി റിപ്പോർട്ട് ശേഖരിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ യാതൊരു ബാധ്യതയും ഇല്ലാത്ത ഭൂമി കണ്ടെത്തിക്കഴിഞ്ഞാൽ ജില്ലാ മത്സ്യഭവൻ ഓഫീസർ കൺവീനർ ആയ

ആറംഗ ഇന്റർ ഡിപ്പാർട്ട്മെന്റൽ ടീം പരിശോധിച്ച് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല സമിതിക്ക് ശിപാർശ ചെയ്യുന്നു. ജില്ലാ കളക്ടർ അധ്യക്ഷനായുള്ള ജില്ലാതല പർച്ചേസ് കമ്മിറ്റി ഭൂമി വില നിശ്ചയിക്കുന്നു. ഭൂമി വില അംഗീകരിച്ചുകഴിഞ്ഞാൽ സ്ഥലം ഉടമയും ഗുണഭോക്താവും ജില്ലാ മത്സ്യഭവൻ ഓഫീസറുമായി ഭൂമി വില കൈമാറുന്നതും സ്ഥലം കൈമാറുന്നതും സംബന്ധിച്ച ഒരു ത്രികക്ഷി കരാർ ഒപ്പിട്ടശേഷമാണ് രജിസ്ട്രേഷൻ നടപടികളിലേയ്ക്ക് കടക്കുന്നത്. ജില്ലാ ഓഫീസിൽ നടക്കുന്ന അസൽ ആധാരത്തിന്റെ സൂക്ഷ്മ പരിശോധനാനന്തരമാണ് അസൽ ആധാരത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഭൂമി വില, എഴുത്തുകൂലി എന്നിവ ഉൾപ്പെടെ 6 ലക്ഷത്തിലധികരിക്കാത്ത വിധം ഭൂമി വില ഭൂഉടമയ്ക്കും എഴുത്തുകൂലി ഗുണഭോക്താവിനും ഡി.ബി.റ്റി. വഴി നൽകുന്നു. ഇത്തരത്തിൽ 115 ഏക്കർ ഭൂമി ഇതിനകം കണ്ടെത്തി നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനുപുറമേ 19.71 ഏക്കർ സർക്കാർ ഭൂമി ലഭ്യമാക്കുകയും 76.92 ഏക്കർ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും വരുന്നു.

പദ്ധതിയുടെ സംസ്ഥാനതല നിർവ്വഹണ യൂണിറ്റായി വിഴിഞ്ഞം പുനരധിവാസ പദ്ധതിക്കായി രൂപീകൃതമായ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) നിലവിൽ ഒന്നാംഘട്ട പദ്ധതി നടപ്പാക്കിവരികയാണ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ നിലവിൽ അധിവസിക്കുന്ന കുടുംബങ്ങൾക്ക് സുരക്ഷിത മേഖലയിൽ സ്വന്തമായി ഭൂമിയുണ്ടെങ്കിൽ പുനർഗേഹം പദ്ധതിപ്രകാരം ധനസഹായത്തിന് അർഹതയില്ല. ഭൂമിയില്ലാത്തയാളുകൾക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചത്. എന്നാൽ സുരക്ഷിതമേഖലയിൽ സ്വന്തമായി ഭൂമിയുള്ളവർക്ക് ധനസഹായത്തിന് അർഹതയില്ലാത്ത സാഹചര്യത്തിൽ ഇത്തരക്കാർക്ക് ഭവന നിർമ്മാണത്തിനുമാത്രം ധനസഹായം നൽകി സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; ഇത്തരത്തിൽ എത്ര കുടുംബങ്ങൾ ഉള്ളതായാണ് കണ്ടെത്തിയിട്ടുള്ളത്?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, പുനർഗേഹം പദ്ധതി മാർഗ്ഗനിർദ്ദേശപ്രകാരം നിലവിൽ വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന കുടംബങ്ങൾക്ക് സുരക്ഷിതമേഖലയിൽ ഭൂമി സ്വന്തമായിട്ടുണ്ടെങ്കിൽ പുനർഗേഹം പദ്ധതിപ്രകാരമുള്ള 10 ലക്ഷം രൂപയുടെ ധനസഹായത്തിന് അർഹതയില്ല. ഇത്തരത്തിൽ 355 കുടുംബങ്ങളുണ്ടെന്നാണ് പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളത്. ഇവർക്ക് ലൈഫ് പദ്ധതി മാനദണ്ഡം അവലംബിച്ച് അവരവരുടെ ഭൂമിയിൽ ഭവന നിർമ്മാണം നടത്തുന്നതിന് 4 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചുവരുന്നു.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 81 കോടി രൂപ ചെലവഴിച്ച് 400 ഫ്ലാറ്റുകൾ നിർമ്മിക്കുന്ന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; എന്നത്തേയ്ക്ക് ഇവ പൂർത്തീകരിച്ച് കൈമാറാൻ സാധിക്കും?

<u>ശ്രീ. സജി ചെറിയാൻ</u>: തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ വില്ലേജിൽ ക്ഷീരവികസന വകുപ്പിൽനിന്നും കൈമാറിക്കിട്ടിയ 8 ഏക്കർ ഭൂമിയിൽ പുനർഗേഹം പദ്ധതിപ്രകാരം 400 ഫ്ലാറ്റുകൾ നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് കൈമാറാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ നിർമ്മാണച്ചുമതല ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയും മേൽനോട്ട ചുമതല ഹാർബർ എഞ്ചിനീയറിംഗ് വിഭാഗവും നിർവ്വഹിക്കുന്നു. ഈ സർക്കാരിന്റെ രണ്ടാം വാർഷികത്തിന്റെ ഭാഗമായി 2023 ഫെബ്രുവരി 10-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ഇതിന്റെ തറക്കല്ലിടൽ നടത്തിയത്. 8 യൂണിറ്റുകൾ ഉൾപ്പെടുന്ന 50 ബ്ലോക്കുകളായാണ് 400 ഫ്ലാറ്റുകളുടെ നിർമ്മാണം നടന്നുവരുന്നത്. ഇതിൽ 38 ബ്ലോക്കുകളുടെ മണ്ണ് മാറ്റൽ പ്രക്രിയയും 35 ബ്ലോക്കുകളുടെ പൈലിംഗും 35 ബ്ലോക്കുകളുടെ അടിസ്ഥാനവും 17 ബ്ലോക്കുകളുടെ സിമന്റ് ബ്ലോക്ക് നിർമ്മാണവും 8 ബ്ലോക്കുകളുടെ കട്ടിള മട്ടവും 5 ബ്ലോക്കുകളുടെ ഒന്നാം നിലയുടെ കോൺക്രീറ്റും കഴിഞ്ഞിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ച് 2024

സെപ്റ്റംബറിൽ ഗുണഭോക്താക്കൾക്ക് കൈമാറാനാണ് ലക്ഷ്യമിടുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചതുപ്രകാരം മന്ത്രിയെന്ന നിലയിൽ ഞാൻ എല്ലാ മാസവും ഇതിന്റെ മോണിറ്ററിംഗ് സംവിധാനം പരിശോധന നടത്തുന്നുണ്ട്. ത്വരിതഗതിയിൽ പ്രവൃത്തി നടക്കുന്നുണ്ട്. നിശ്ചയിക്കപ്പെട്ടിരിക്കുന്ന തീയതിക്കുമുമ്പുതന്നെ ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച് കൈമാറാൻ സാധിക്കും.

ശ്രീ. വി. ജോയി: സർ, പുനർഗേഹം പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച ചില വീടുകൾക്കെങ്കിലും സി.ആർ.ഇസഡ്. പ്രശ്നത്തിന്റെ ഭാഗമായി നമ്പർ ലഭിക്കാത്ത സാഹചര്യം നിലവിലുണ്ട്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? മുതലപ്പൊഴിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അങ്ങും തിരുവനന്തപുരം ജില്ലയിലെ ബഹുമാന്യരായ രണ്ട് മന്ത്രിമാരും ചേർന്ന് ഒരു സംയുക്തയോഗം നടത്തുകയുണ്ടായി. എന്തായാലും പ്രസ്തുത യോഗത്തിനുശേഷം മരണം സംഭവിച്ചിട്ടില്ല. അതിന്റെ ഭാഗമായി ഏറ്റെടുത്ത പ്രവർത്തനങ്ങളുടെ തുടർനടപടികൾ എന്തെല്ലാമാണ്?

ശ്രീ. സജി ചെറിയാൻ: സർ, സി.ആർ.ഇസഡ്. പ്രശ്നം ഗൗരവമായ വിഷയമാണ്. തീരദേശത്ത് സി.ആർ.ഇസഡുമായി ബന്ധപ്പെട്ട് ഒട്ടേറെ

പ്രയാസങ്ങൾ നേരിടുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് സർക്കാർ തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എല്ലാ കളക്ടറേറ്റുകളിലും ഹിയറിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. ഇനി അത് സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച് അന്തിമ തീരുമാനം എടുക്കേണ്ടതുണ്ട്. സി.ആർ.ഇസഡ്. പ്രശ്നം വളരെ ഗൗരവത്തോടുകൂടിത്തന്നെയാണ് ഗവൺമെന്റ് കാണുന്നത്. ശാശ്വതമായി പരിഹരിക്കാൻ കഴിയുന്ന വിധത്തിലുള്ള എല്ലാ ഇടപെടലുകളും സർക്കാർ, പ്രത്യേകിച്ച് ഫിഷറീസ് വകുപ്പ് നടത്തുന്നുണ്ട്. ഇന്ത്യയിലെ ഒരു സംസ്ഥാനവും ചെയ്യാത്ത വിധത്തിൽ പ്രത്യേകമായി ഡ്രാഫ്റ്റ് റിപ്പോർട്ട് തയ്യാറാക്കി നൽകിയതിന്റെ ഭാഗമായിട്ടാണ് ഹിയറിംഗ് ഇപ്പോൾ പൂർത്തീകരിച്ചിട്ടുള്ളത്.

മുതലപ്പൊഴിയുമായി ബന്ധപ്പെട്ട മറ്റൊരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിമാരായ വി. ശിവൻകുട്ടി, ആന്റണി രാജു, ജി. ആർ. അനിൽ എന്നിവരുമായിച്ചേർന്ന് സംയുക്തയോഗം നടത്തി. പ്രസ്തുത യോഗത്തിൽ ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പൂർണ്ണമായും ലഭിച്ചില്ല. ഏതാണ്ട് 40 വർഷം മുമ്പ് പഠനം നടത്തി സമർപ്പിച്ച പ്രോജക്ടാണിത്.

പ്രസ്തുത പ്രോജക്ട് കമ്മീഷൻ ചെയ്തപ്പോൾ അതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട അപാകതയാണ് അപകടത്തിന് കാരണമായതെന്ന രീതിയിലുള്ള ചർച്ച ഉയർന്നുവന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഞാൻതന്നെ നേരിട്ട് അവിടെ പോകുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചതിന്റെയടിസ്ഥാനത്തിൽ യോഗം വിളിച്ചുചേർക്കുകയും ചെയ്തു. മുതലപ്പൊഴി പ്രശ്നം പരിശോധിച്ച് പരിഹാരം കാണുന്നതിനുവേണ്ടിയാണ് CWPRS പൂനയെ ഗവൺമെന്റ് ചുമതലപ്പെടുത്തിയത്. അതുസംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് അവർ ഡിസംബർവരെ സമയം ആവശ്യപ്പെട്ടിട്ടുണ്ട്. അതോടൊപ്പം അവിടെ നടക്കുന്ന അപകടം ഒഴിവാക്കുന്നതിന് അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങളെ സംബന്ധിച്ചും ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്. അതിന്റെ ഭാഗമായി പൊഴിയിൽ കിടക്കുന്ന കല്ലുകൾ മാറ്റുന്നതിന് ലോംഗ് ബൂം ക്രെയിൻ എത്തിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കാലാവസ്ഥ അനുകൂലമായാൽ ഡ്രെഡ്ജർ എത്തിച്ച് അവിടെനിന്നും മണൽ മാറ്റുന്നതിനുള്ള സംവിധാനമുണ്ടാക്കും. ആറ് മീറ്റർ താഴ്ചയിൽ മണൽ മാറ്റുന്നതിനാണ് ഇപ്പോൾ തീരുമാനമെടുത്തിട്ടുള്ളത്.

അവിടെ ക്രൂയിസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അദാനി ഗ്രൂപ്പിന് 2024 വരെ കോൺട്രാക്റ്റുണ്ട്. അവരാണ് പ്രസ്തുത ജോലികൾ ചെയ്യേണ്ടത്. റെസ്ക്യൂ ഫോഴ്സിൽ 8 പേരാണുണ്ടായിരുന്നത്. അതിന്റെ എണ്ണം 30 ആയി വർദ്ധിപ്പിച്ചു. 24 മണിക്കൂറിൽ പത്തുപേർ വീതമടങ്ങുന്ന 30 പേർക്ക് റെസ്ക്യൂ ഫോഴ്സിന്റെ ചുമതല നൽകിയതിന്റെ ഭാഗമായി അപകടമുണ്ടാകുമ്പോൾത്തന്നെ അതിൽനിന്നും ആളുകളെ രക്ഷിക്കുന്നതിനുള്ള സംവിധാനവും സ്വീകരിച്ചിട്ടുണ്ട്. അവിടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന 3 ബോട്ടുകൾ അധികമായി നൽകിയിട്ടുണ്ട്. 24 മണിക്കൂറും ആംബുലൻസ് സേവനവും ഉറപ്പാക്കിയിട്ടുണ്ട്. ഒരു കോടി രൂപ ചെലവിൽ വാഹനങ്ങളുപയോഗിച്ച് മണൽ മാറ്റി പൊഴിയിലെ പ്രശ്നത്തിന് അടിയന്തര പരിഹാരം കാണാൻ തീരുമാനിച്ചു. 11 കോടി രൂപ ചെലവിൽ പൈപ്പ് മുഖേനയുള്ള സാന്റ് ബൈ പാസിംഗ് പദ്ധതി നടപ്പാക്കുന്നതിനായി എസ്റ്റിമേറ്റ് എടുത്തിട്ടുണ്ട്. അത് ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. CWPRS-ന്റെ പഠന റിപ്പോർട്ട് വന്നാലുടൻതന്നെ ബാക്കി നടപടിക്രമങ്ങളിലേയ്ക്ക് പോകും. റോഡ് നിർമ്മാണത്തിനായി 56

ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതിന്റെ എ.എസ്.-ഉം ടി.എസ്.-ഉം നൽകിയിട്ടുണ്ട്. അത്തരത്തിൽ ഗവൺമെന്റിന് ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ഗവൺമെന്റ് ചെയ്തിട്ടുണ്ട്. ഏറ്റവും അവസാനം മുതലപ്പൊഴിയിൽ 4 പേർ മരിച്ചു. അവരുടെ കുടുംബങ്ങളെ പൂർണ്ണമായും ഏറ്റെടുക്കുന്നതിനുള്ള സമീപനം ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അതിൽ 2 ആളുകൾക്ക് വീട് നിർമ്മിക്കാൻ സ്ഥലം വാങ്ങുന്നതിനും ബാക്കിയുള്ളവർക്ക് ജീവിതാവശ്യങ്ങൾക്കുള്ള തൊഴിൽ സംവിധാനം ഏർപ്പെടുത്തുന്നതിനും സർക്കാരിന്റെ ഭാഗത്തുനിന്ന് സ്വീകരിക്കേണ്ട നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ എല്ലാവരുടെയും പിന്തുണ ലഭ്യമാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, ഇന്ത്യയുടെ പ്രധാനമന്ത്രി കോടിക്കണക്കിന് രൂപയുടെ ഒരു പ്രതിമ അനാച്ഛാദനം ചെയ്ത ദിവസമാണ് കേരള സംസ്ഥാനത്തെ ഏറ്റവും ശ്രദ്ധേയമായ പുനർഗേഹം പദ്ധതിയുടെ താക്കോൽ ദാനം നടന്നതെന്ന് ഞാൻ ഓർക്കുന്നു. മത്സ്യത്തൊഴിലാളികളുടെ ഏറ്റവും ശ്രദ്ധേയമായ പുനരധിവാസ പദ്ധതിയായ പുനർഗേഹം പദ്ധതിപ്രകാരം നിർമ്മിച്ചുനൽകിയിട്ടുള്ള ഫ്ലാറ്റുകളിലെ ശുചിത്വവും പരിപാലനവും

ഉൾപ്പെടെയുള്ള പൊതുവായ സൗകര്യങ്ങളുടെ നടത്തിപ്പിന് എന്തെങ്കിലും സംവിധാനങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, മുമ്പ് ഫ്ലാറ്റുകൾ നിർമ്മിക്കുമ്പോൾ ശുചിത്വവും പരിപാലനവും സംബന്ധിച്ചുള്ള കുറവുകളുണ്ടായിരുന്നു. പക്ഷേ, ഇപ്പോൾ പുനർഗേഹം പദ്ധതിപ്രകാരം നിർമ്മിച്ചുനൽകിയ ഫ്ലാറ്റ് സമുച്ചയത്തിൽ ശുചിത്വം, മാലിന്യനിർമ്മാർജ്ജനം തുടങ്ങിയ പൊതുവായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് സഹായകരമാകുന്ന വിധത്തിൽ അവിടത്തെ താമസക്കാരുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ പ്രതീക്ഷ ഫ്ലാറ്റിൽ രൂപീകരിച്ച അതേ മാതൃകയിലാണ് എല്ലായിടത്തും കമ്മിറ്റികൾ രൂപീകരിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ കാരോടിൽ 2023 മേയ് മാസത്തിൽ കമ്മിറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ട്. മറ്റിടങ്ങളിൽ കമ്മിറ്റിയുടെ രജിസ്ട്രേഷൻ നടപടികൾ നടന്നുവരുന്നു. ഇപ്പോൾ മാലിന്യ നിർമ്മാർജ്ജനത്തിന് മുന്തിയ പരിഗണന നൽകിക്കൊണ്ട് എവിടെയെല്ലാം ഫ്ലാറ്റുകൾ നിർമ്മിക്കുന്നുവോ, അവിടെയെല്ലാം ആധുനിക

സംവിധാനങ്ങളുൾപ്പെടുത്തിക്കൊണ്ടുള്ള നിർമ്മാണമാണ് നടത്തിവരുന്നത്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, പുനർഗേഹം പദ്ധതിപ്രകാരം ഇതുവരെ 390 ഫ്ലാറ്റുകളാണ് നിർമ്മിച്ചുനൽകിയിട്ടുള്ളത്. കോഴിക്കോടുപോലെയുള്ള പ്രദേശങ്ങളിൽ ഭൂമി വില വർദ്ധനവ് കാരണം 10 ലക്ഷം രൂപകൊണ്ട് അത് നിർമ്മിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ ഫ്ലാറ്റുകൾ കൂടുതൽ നിർമ്മിക്കുകയല്ലാതെ പോംവഴിയില്ല. സർക്കാർ ഭൂമി കണ്ടെത്തി 80 ഫ്ലാറ്റുകൾ നിർമ്മിക്കുന്ന പദ്ധതി വളരെ വിജയകരമായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇനിയും കൂടുതൽ ഫ്ലാറ്റുകൾ നിർമ്മിക്കാനുള്ള സ്ഥലം കണ്ടെത്തിക്കൊണ്ട് മുമ്പോട്ടുപോയെങ്കിൽ മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ കഴിയൂ. അതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഒന്നാമത്തെ പ്രശ്നം, മത്സ്യത്തൊഴിലാളികൾ തീരദേശ മേഖലയിൽനിന്നും അകന്ന് താമസിക്കാൻ വൈമനസ്യം കാണിക്കുന്നുവെന്നതാണ്. പ്രസ്തുത സാഹചര്യത്തിൽ സർക്കാരിനെ സംബന്ധിച്ചിടത്തോളം തീരത്തോടുചേർന്നുള്ള സ്ഥലങ്ങൾ കണ്ടെത്തുകയെന്നത് വളരെയധികം ബുദ്ധിമുട്ടുള്ള കാര്യമാണ്.

വലിയതുറയിലുള്ള 400 ഫ്ലാറ്റിന്റെ സ്ഥലം, സർക്കാരിന്റെ മറ്റൊരു വകുപ്പിനുകീഴിലുള്ള ഭൂമിയായിരുന്നു. അത് അവരുടെ സന്തോഷത്തിന്റെ ഭാഗമായി, സ്നേഹംകൊണ്ട് നമുക്ക് നൽകിയതാണ്. സ്ഥലം ലഭ്യമാക്കുക എന്നുള്ളത് ഏറ്റവും വലിയ പ്രശ്നമാണ്. പ്രസ്തുത പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ പരമാവധി ശ്രമിക്കുന്നുണ്ട്. പണമല്ല പ്രശ്നം, സ്ഥലം ലഭ്യമായാൽ ആവശ്യമായ ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. ആകെ 21,220 വീടുകളും ഫ്ലാറ്റുകളും നിർമ്മിക്കേണ്ടതിൽ ഇതിനോടകം 5,846 വീടുകളുടെയും ഫ്ലാറ്റുകളുടെയും നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. 8,243 മത്സ്യത്തൊഴിലാളികളാണ് മാറിത്താമസിക്കാൻ സന്നദ്ധരായിട്ടുള്ളത്. ബാക്കിയുള്ളവർ മാറിത്താമസിക്കാൻ സന്നദ്ധരല്ല. അതിന്റെ ഭാഗമായി അവരുടെ ഭൂമിയുടെ രജിസ്ട്രേഷൻ സർക്കാർ സൗജന്യമാക്കുകയും ഏറ്റെടുക്കുന്ന ഭൂമി അവർക്ക് തിരിച്ചുനൽകുന്ന സംവിധാനവും ഏർപ്പെടുത്തി. എങ്കിലും ഇപ്പോഴും അവർ മാറിത്താമസിക്കാൻ തയ്യാറല്ല. എന്തായാലും വേലിയേറ്റ മേഖലയിലെ 50 മീറ്ററിനുള്ളിൽനിന്നും ഇവരെ മാറ്റുകയെന്നുള്ളതാണ് സർക്കാരിന്റെ നിലപാട്. അതിന് നൂതനമായ എന്തെങ്കിലും പദ്ധതികൾ ഭാവിയിൽ

വേണ്ടിവരുമെന്നുള്ളത് വസ്തുതയാണ്. പ്രസ്തുത സന്ദർഭത്തിൽ ആവശ്യമായ ആലോചനകൾ നടത്തുമെന്നാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്.

ശ്രീ. കെ. പി. എ. മജീദ്: സർ, തീരദേശമേഖലകളിൽ പലയിടങ്ങളിലും ഇരട്ടവീടുകളിലാണ് ആളുകൾ താമസിക്കുന്നത്. ഇരട്ടവീടുകളിൽ പലതും ജീർണ്ണാവസ്ഥയിലാണ്. പരപ്പനങ്ങാടി തീരപ്രദേശത്ത് ഇതുപോലെ ധാരാളം വീടുകളുണ്ട്, അവ ജീർണ്ണാവസ്ഥയിലാണ്. സർക്കാർതലത്തിൽ ഇരട്ടവീടുകൾ ഒറ്റവീടുകളാക്കി മാറ്റാനാവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, 'തീരസദസ്സ് ' പദ്ധതി കേരളത്തിന്റെ ചരിത്രത്തിലാദ്യമായുള്ള ഒരു പദ്ധതിയാണ്. മന്ത്രിയെന്ന നിലയിൽ, 47 മണ്ഡലങ്ങളിലും അങ്ങയുടെ മണ്ഡലത്തിലടക്കം നേരിട്ടുപോയി ഞാൻ വിശദമായ പരിശോധന നടത്തിയിട്ടുണ്ട്. സുനാമി കാലഘട്ടത്തിൽ നിർമ്മാണം നടത്തിയ വീടുകളും ബഹുമാനപ്പെട്ട അംഗം പറഞ്ഞ ഇരട്ടവീടുകളുമടക്കം ഏകദേശം പന്ത്രണ്ടായിരത്തോളം വീടുകൾ അറ്റകുറ്റപ്പണി നടത്തേണ്ടതോ പൊളിച്ചുമാറ്റി പുതിയത് നിർമ്മിക്കുകയോ

ചെയ്യേണ്ട സ്ഥിതിയിലുള്ളതാണ്. വിപുലമായ ഒരു പദ്ധതിയെന്ന നിലയിൽ ഇക്കാര്യം വളരെയധികം ഗൗരവത്തിലെടുക്കേണ്ടതാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായും മുഖ്യമന്ത്രിയുമായും ഇക്കാര്യം ചർച്ച ചെയ്ത് ഒരു പ്രോജക്ട് തയ്യാറാക്കുന്നുണ്ട്. കേരളത്തിൽ മത്സ്യത്തൊഴിലാളികൾക്ക് വാസയോഗ്യമായ ഒരു വീടെന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ, അങ്ങയുടെ മണ്ഡലത്തിലെ ഇരട്ടവീടുകൾ ഉൾപ്പെടെ പൊളിച്ച് സിംഗിൾ വീടുകളാക്കുക അല്ലെങ്കിൽ ഫ്ലാറ്റുകളാക്കുന്നതിനുവേണ്ടിയുള്ള ഒരു പ്രോജക്ട് തീരദേശ വികസന കോർപ്പറേഷൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത പ്രോജക്ട് തയ്യാറായാലുടൻതന്നെ സർക്കാരിൽ സമർപ്പിക്കുകയും ത്വരിതഗതിയിൽ അത് നിർമ്മിക്കുകയും ചെയ്യണമെന്നതാണ് സർക്കാരിന്റെ നിലപാട്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, പുനർഗേഹം പദ്ധതി തീരദേശവാസികൾക്കെല്ലാം ഏറെ ആശ്വാസം നൽകുന്ന പദ്ധതിയാണ്. എന്നാൽ ഒരു കാര്യം പ്രത്യേകമായി മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്; പുനർഗേഹം ഗുണഭോക്താക്കൾക്ക് ഭൂമി രജിസ്റ്റർ ചെയ്യപ്പെടേണ്ടിവരുമ്പോൾ ഭൂമി കണ്ടെത്തിയതിനുശേഷം 3

ആധാരം കണ്ടെത്തി അതിന്റെ വാല്യുവേഷൻ തയ്യാറാക്കി ഭൂമിയുടെ വില തീരുമാനിക്കുന്ന ഒരു സമ്പ്രദായമാണ് ഇപ്പോൾ നിലവിലുള്ളത്. അതിനുപകരമായി ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന ഫെയർ വാല്യൂവിനനുസരിച്ച് ഭൂമിയുടെ വില നിശ്ചയിക്കാനുള്ള അനുവാദം ഡിസ്ട്രിക്ട് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിക്ക് നൽകിയാൽ നിലവിലുള്ള പ്രോസസ്സുകൾ വളരെ വേഗത്തിലാകാൻ സാധ്യതയുണ്ട്. അങ്ങ് അതിന് മുൻകയ്യെടുക്കുമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ഭൂമിയുമായി ബന്ധപ്പെട്ട വിഷയത്തിലാണ് രജിസ്ട്രേഷൻ ഫീസ് സൗജന്യമായി നൽകിയതും ഭൂമിയുടെ അവകാശം മത്സ്യത്തൊഴിലാളികൾക്കുതന്നെ തിരിച്ച് നൽകിയതും. കുറച്ചുകൂടി സുതാര്യമായി ഇക്കാര്യം ചെയ്യാനാണ് സർക്കാർ ആലോചിക്കുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഭൂമി വാങ്ങുന്നതിനുള്ള പ്രോസസ്സിൽ കുറച്ച് പ്രശ്നങ്ങളുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിഹരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന നിരവധി പ്രശ്നങ്ങളിൽ, ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം പേത്ത എന്നുവിളിക്കുന്ന

കടൽമാക്രിയുടെ ശല്യമാണ്. കടൽമാക്രിയുടെ ശല്യം രൂക്ഷമായതോടെ വള്ളങ്ങൾ കടലിൽ ഇറക്കാൻ സാധിക്കാത്ത അവസ്ഥയാണ്. ദിവസവും ലക്ഷക്കണക്കിന് രൂപയുടെ വലയാണ് പേത്ത കടിച്ചുനശിപ്പിക്കുന്നത്. മിക്ക വള്ളങ്ങളും കടലിൽ ഇറക്കിയിട്ട് ആഴ്ചകൾ പിന്നിടുന്നു. ഇത്തരത്തിൽ നഷ്ടമുണ്ടായ മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, നിലവിൽ പ്രസ്തുത പ്രശ്നത്തിന് വ്യവസ്ഥകളൊന്നുമില്ല. പരാതി ലഭിക്കുന്ന മുറയ്ക്ക് അക്കാര്യം പരിശോധിക്കാം.

ശ്രീ. എച്ച്. സലാം: സർ, ഏറ്റവും കൂടുതൽ തീരദൈർഘ്യമുള്ള ജില്ലയാണ് ആലപ്പുഴ. ആലപ്പുഴ ജില്ലയിൽ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ സ്കീമിന്റെ ഭാഗമായി തോട്ടപ്പള്ളിയിലെ മണ്ണുംപുറത്ത് പുതിയ ഫ്ലാറ്റ് നിർമ്മിക്കുന്നുണ്ട്. പ്രസ്തുത ഫ്ലാറ്റുകളുടെ നിർമ്മാണ പുരോഗതി പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത ഫ്ലാറ്റുകൾ മത്സ്യത്തൊഴിലാളികൾക്ക് എപ്പോൾ കൈമാറാൻ കഴിയും?

ശ്രീ. സജി ചെറിയാൻ: സർ, ഞാൻ മന്ത്രിയായതിനുശേഷം 3

പ്രാവശ്യം പ്രസ്തുത സ്ഥലം സന്ദർശിച്ചിരുന്നു. ഏകദേശം ഇരുന്നൂറോളം ഫ്ലാറ്റുകളാണ് അവിടെ നിർമ്മിക്കുന്നത്, അവയുടെ നിർമ്മാണം പൂർത്തീകരണത്തിലെത്തിയിട്ടുമുണ്ട്. വാട്ടർ ടാങ്കിന്റെയും സ്വീവേജ് പ്ലാന്റിന്റെയും നിർമ്മാണമാണ് ബാക്കിയുള്ളത്. നിലവിലെ സ്ഥിതിയനുസരിച്ച് ആറ് മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞാൽ പ്രസ്തുത ഫ്ലാറ്റുകൾ മത്സ്യത്തൊഴിലാളികൾക്ക് കൈമാറാൻ സാധിക്കും.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, പുനർഗേഹം പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി 'സുനാമി പുനരധിവാസ ഫ്ലാറ്റുകൾ' നിർമ്മിച്ചതിൽ നിരവധി സ്ഥലങ്ങളിലായി നൂറുകണക്കിന് ഫ്ലാറ്റുകൾ അവർക്ക് അനുവദിക്കാൻ സാധിക്കാത്ത നിലയിൽ ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത ഫ്ലാറ്റുകൾ ഇപ്പോൾ റവന്യൂവകുപ്പിന്റെ കീഴിലാണ്. റവന്യൂ വകുപ്പിന് ഫ്ലാറ്റുകൾ പുതുക്കിപ്പണിയാനുള്ള പ്ലാൻ ഫണ്ടില്ലാത്തതിനാൽ മെയിന്റനൻസുപോലും നടത്താതെ, അവിടെയുള്ളവരുടെ ജീവിതം ദുരിതത്തിലാണ്. ഇത്തരം ഫ്ലാറ്റുകൾ ഫിഷറീസ് വകുപ്പ് ഏറ്റെടുത്ത്

വാസയോഗ്യമാക്കി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ ഗൗരവതരമായ വിഷയമാണ്. ചാത്തന്നൂർ മണ്ഡലത്തിൽ ഏതാണ്ട് 160 ഫ്ലാറ്റുകൾ സുനാമി കാലഘട്ടത്തിൽ നിർമ്മിച്ചിട്ടുണ്ട്. അവിടം ഇപ്പോൾ ആന്റി സോഷ്യൽ എലമെന്റ്സിന്റെ കേന്ദ്രമായി മാറിയിരിക്കുകയാണ്. ഞാനും ബഹുമാനപ്പെട്ട അംഗവും ചേർന്ന് പ്രസ്തുത സ്ഥലം സന്ദർശിച്ചു. ഫ്ലാറ്റുകളുടെ ഏതാണ്ട് 80 ശതമാനത്തോളം നിർമ്മാണവും പൂർത്തീകരിച്ചതാണ്. പക്ഷേ അത് മത്സ്യത്തൊഴിലാളികൾക്കോ മറ്റുള്ളവർക്കോ നൽകാൻ കഴിയില്ല. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടാണ് അന്ന് ഈ ഫ്ലാറ്റുകൾ നിർമ്മിച്ചത്. പിന്നീടത് കൈമാറുന്ന കാര്യത്തിൽ സാങ്കേതിക തടസ്സങ്ങൾ വന്നു. ലക്ഷക്കണക്കിന് രൂപ ഇതിനുവേണ്ടി വിനിയോഗിച്ചിട്ടുമുണ്ട്. ഇത്തരത്തിൽ നിർമ്മിച്ചിട്ടുള്ളവയിൽ പല സ്ഥലത്തും പ്രശ്നങ്ങളുണ്ട്. റവന്യൂ വകുപ്പ് തയ്യാറാണെങ്കിൽ അത് നവീകരിക്കാനുള്ള സംവിധാനമുണ്ടാക്കാം. ചാത്തന്നൂരിലെ ഈ ഫ്ലാറ്റ് നിർമ്മിച്ചിരിക്കുന്നത് കടപ്പുറത്തുനിന്നും വളരെ ദൂരെയായതിനാൽ ഇത്രയും ദൂരെ പോയി

മത്സ്യത്തൊഴിലാളികൾ താമസിക്കാൻ സാധ്യതയില്ല. ഇക്കാര്യം ജില്ലാ കളക്ടറുമായി സംസാരിച്ചു. അവർ അതിനുവേണ്ട മുൻകയ്യെടുത്ത് പ്രവർത്തിക്കുകയാണെങ്കിൽ അടിയന്തരമായി അവ നവീകരിച്ച് ലൈഫ് പദ്ധതിപ്രകാരം വീടില്ലാത്തവർക്ക് നൽകാൻ ഗവൺമെന്റിന് സാധിക്കും. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇവിടെ പറയും.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഗുരുതരമായൊരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. ഇക്കാര്യം സംബന്ധിച്ച് റവന്യൂ വകുപ്പ് അസംബ്ലിയിലും ഒരു ചർച്ച ഉന്നയിക്കപ്പെട്ടിരുന്നു. തദ്ദേശസ്വയംഭരണ വകുപ്പിനാണോ ഫിഷറീസ് വകുപ്പിനാണോ അക്കാര്യം ചെയ്യാൻ സാധിക്കുന്നതെന്നതുസംബന്ധിച്ച ആശങ്കയാണുണ്ടായിരുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ സാഹചര്യത്തിൽ, അക്കാര്യത്തിൽ കൂടിയാലോചന നടത്തി അടുത്ത സഭയ്ക്കുമുമ്പായി ഇതുസംബന്ധിച്ചെടുക്കുന്ന തീരുമാനം അവതരിപ്പിക്കാൻ സാധിക്കുമെന്ന് വിചാരിക്കുന്നു.

## പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പ്രോത്സാഹനം

2 (*62) ശ്രീ. പി. വി. ശ്രീനിജിൻ:

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസത്തിലൂടെ സാമൂഹിക മുന്നേറ്റം കൈവരിക്കുകയെന്ന ലക്ഷ്യം മുൻനിർത്തി പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പൊതു പരീക്ഷകളിൽ മികവാർന്ന വിജയം കരസ്ഥമാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് വകുപ്പ് നടപ്പാക്കിവരുന്ന പ്രോത്സാഹന സമ്മാനം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(സി) പ്രസ്തുത അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ,

(എ) വിദ്യാഭ്യാസത്തിലൂടെ സാമൂഹിക മുന്നേറ്റം കൈവരിക്കുകയെന്ന

ലക്ഷ്യം മുൻനിർത്തി പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

<u>വിദ്യാഭ്യാസ പദ്ധതികൾ:</u> -

1. പ്രീ-മെട്രിക് സ്കോളർഷിപ്പ്

2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

3. ഉന്നതി ഓവർസീസ് സ്കോളർഷിപ്പ്

4. മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, സ്പോർട്ട്സ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ.

5. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി.

6.സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.

7. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം.

8. വിവിധ പൊതു പ്രവേശനപരീക്ഷകൾക്കുള്ള പരിശീലനം.

9. ലാപ്ടോപ്പ് വിതരണം

10. പഠന മുറി പദ്ധതി

11. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം

12. വിങ്സ് - വൈമാനിക പരിശീലന പരിപാടി

13. ട്രേസ് - നൈപുണ്യ വികസന പരിശീലന പരിപാടികൾ.

14. ഫ്രീഷിപ്പ് കാർഡ്

15. സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത വായനശാലകളിൽ സൗജന്യ അംഗത്വം

16. എംപവർമെന്റ് സൊസൈറ്റി

17. എല്ലാ ഐ.ടി.ഐ.-കളിലും നിലവിലുള്ള ട്രേഡുകളിൽ പുതുതലമുറ കോഴ്സുകൾകൂടി ചേർത്ത് Add on കോഴ്സുകൾ.

(ബി) പൊതുപരീക്ഷകളിൽ മികവാർന്ന വിജയം കരസ്ഥമാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് വകുപ്പ് നടപ്പാക്കിവരുന്ന പ്രോത്സാഹന സമ്മാനം ലഭിക്കുന്നതിനായി ലഭിച്ച അപേക്ഷകളുടെ വിവരം ചുവടെ ചേർക്കുന്നു.

2022-23-ൽ 11555 അപേക്ഷകളും 2023-24 അധ്യയന വർഷം മുതൽ നാളിതുവരെ 7124 അപേക്ഷകളും ലഭിച്ചിട്ടുണ്ട്.

(സി) 2022-23 വർഷത്തെ അപേക്ഷകളിൽ നടപടികൾ പൂർത്തീകരിക്കുകയും അർഹമായ സ്കോളർഷിപ്പ് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 2023-24 അധ്യയന വർഷം ലഭിച്ച അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ച് തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, പൊതുപരീക്ഷകളിൽ ഉയർന്ന വിജയം കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് നൽകിവരുന്ന പ്രോത്സാഹന പദ്ധതിയുടെ തുക വർദ്ധിപ്പിച്ചത് ഏത് വർഷമാണ്; തുക വർദ്ധിപ്പിച്ചിട്ടില്ലെങ്കിൽ അത് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, പൊതു പരീക്ഷകളിൽ ഉയർന്ന വിജയം കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രോത്സാഹന സമ്മാന പദ്ധതിത്തുക വർദ്ധിപ്പിച്ചിട്ട് മൂന്നുവർഷമായി. വിവിധ വിഷയങ്ങളിൽ 80 ശതമാനം മുതൽ 100 ശതമാനംവരെ മാർക്ക് നേടുന്ന കുട്ടികൾക്ക് വിവിധ കോഴ്സുകൾക്ക് 4,000 രൂപ മുതൽ 12,000 രൂപവരെ പ്രോത്സാഹന

സമ്മാനമായി നൽകുന്നുണ്ട്. കൂടാതെ 60 ശതമാനം മുതൽ 79 ശതമാനംവരെ മാർക്ക് കരസ്ഥമാക്കുന്ന, വിവിധ കോഴ്സുകൾ പഠിക്കുന്ന കുട്ടികൾക്ക് 2,500 രൂപ മുതൽ 9,500 രൂപവരെ പ്രോത്സാഹന സമ്മാനം നൽകുന്ന പദ്ധതിയും നടപ്പാക്കുന്നുണ്ട്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, വിദേശ സർവ്വകലാശാലകളിൽ പഠിക്കാൻ പോകുന്ന എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഇപ്പോൾ സർക്കാർ 25 ലക്ഷം രൂപ ധനസഹായം നൽകിവരുന്നുണ്ട്. നഴ്സിംഗ് കോഴ്സുൾപ്പെടെ, ഡിഗ്രി തലത്തിൽ ഈ തുക നൽകാൻ കഴിഞ്ഞാൽ നിരവധി കുട്ടികൾക്ക് അതിന്റെ പ്രയോജനം ലഭിക്കും. അതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, വിവിധ സ്വകാര്യ സ്ഥാപനങ്ങളിലടക്കം പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്. 2022 ജനുവരി മാസം മുതൽ എല്ലാ കുട്ടികൾക്കും കോഴ്സിനാവശ്യമായ വിദ്യാഭ്യാസ സഹായം നൽകാനുള്ള തീരുമാനമെടുത്തിട്ടുണ്ട്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനായി 'ഉന്നതി' പോലുള്ള പുതിയ സംരംഭകത്വ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ അങ്ങയെ അഭിനന്ദിക്കുകയാണ്. പലപ്പോഴായി നമ്മൾ നിരവധി പദ്ധതികൾ നടപ്പാക്കുമ്പോഴും ഈ വിഭാഗത്തെ പൂർണ്ണമായി മുന്നണിയിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കുന്നില്ലെന്ന വസ്തുത നിലനിൽക്കുന്നുണ്ട്. മലയോര മേഖലയിൽ താമസിക്കുന്ന ആദിവാസി വിഭാഗങ്ങളുടെ യാത്രാസൗകര്യം വളരെയധികം പരിതാപകരമാണ്. അവിടത്തെ റോഡുകൾ വളരെയധികം ദൈർഘ്യമുള്ളവയാണ്. അതിന്റെ വർക്ക് ഏറ്റെടുക്കാൻ പഞ്ചായത്തിന് സാധിക്കില്ല. പ്രസ്തുത റോഡുകൾ പി.ഡബ്ല്യൂ.ഡി.-യുടേതല്ലാത്തതിനാൽ അവർക്കും പ്രവൃത്തി ഏറ്റെടുക്കാൻ സാധിക്കില്ല. അതിനാവശ്യമായ തുക എവിടെനിന്ന് ലഭിക്കുമെന്നതാണ് ഏറ്റവും പ്രധാന പ്രശ്നം. ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കി അവിടത്തെ ഗതാഗത സൗകര്യം, കുടിവെള്ളം തുടങ്ങി എല്ലാ വിഷയങ്ങളും ഒന്നിച്ചുകൊണ്ടുവരാൻ കഴിയുന്ന രീതിയിൽ ഓരോ കോളനികൾക്കും പ്രത്യേകം മാസ്റ്റർപ്ലാൻ തയ്യാറാക്കി, ഗോത്രവിഭാഗങ്ങൾക്കുവേണ്ടി ഒരു മിഷൻ നടപ്പാക്കാനുള്ള പരിശ്രമം

അങ്ങയുടെ നേതൃത്തിലുണ്ടാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അംബേദ്കർ സെറ്റിൽമെന്റ് കോളനിക്ക് നേരത്തെ ഒരു കോടി രൂപ അനുവദിച്ചിരുന്നു. പ്രസ്തുത വർക്ക് ഏറ്റെടുത്ത ഏജൻസികൾ അത് പൂർത്തിയാക്കാതെ പോകുകയാണുണ്ടായത്. എന്റെ അഭിപ്രായത്തിൽ അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുകയാണെങ്കിൽ ഒരു മാസ്റ്റർപ്ലാൻ അനുസരിച്ച് പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കാൻ സാധിക്കുമായിരുന്നു. ഇക്കാര്യം ഒരു മിഷനായി ഏറ്റെടുക്കാൻ അങ്ങ് തയ്യാറാകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വളരെയധികം പ്രധാനപ്പെട്ട വിഷയമാണ്. ഇപ്പോഴും ട്രൈബൽ ഏരിയകളിൽ വേണ്ടത്ര യാത്രാസൗകര്യങ്ങളില്ലെന്നത് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഓരോ പ്രദേശങ്ങളിലും റോഡ് നിർമ്മിക്കാനും അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനുമുള്ള നിരവധി പദ്ധതികൾ വകുപ്പ് നടപ്പാക്കുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതക്കുറവാണ് പദ്ധതികൾ നടപ്പാക്കുന്നതിനുള്ള കാലതാമസത്തിനിടവരുത്തുന്നത്. ജനസംഖ്യ കുറവായ പ്രദേശങ്ങളിലേയ്ക്ക് റോഡ് നിർമ്മിക്കണമെങ്കിൽ കോടാനുകോടി രൂപ ചെലവഴിക്കേണ്ടിവരും. എന്നാലും ഗവൺമെന്റ് പ്രസ്തുത

പദ്ധതികളിൽനിന്നും പുറകോട്ടുപോകാനല്ല തീരുമാനിച്ചിരിക്കുന്നത്. റോഡിന്റെ അഭാവംകാരണം ഇതുവരെയും പഞ്ചായത്ത് ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചിട്ടില്ലാത്ത, കേരളത്തിലെ ഏക ആദിവാസി പഞ്ചായത്തായ ഇടമലക്കുടിയിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഏകദേശം 18½ കോടി രൂപ ചെലവഴിച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചുകഴിഞ്ഞു. ഒരു പ്രത്യേക മിഷനായി ഈ പദ്ധതി നടപ്പാക്കുന്നതിനേക്കാൾ നല്ലത്, ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾ മനസ്സിലാക്കി ആ രീതിയിൽ ഇടപെടാനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. അംബേദ്കർ ഗ്രാമ വികസനപദ്ധതിയെ സംബന്ധിച്ച് ഞാൻ സഭയിൽ വ്യക്തമാക്കിയതാണ്. വിവിധ ഏജൻസികളാണ് ഈ വർക്കുകൾ ഏറ്റെടുക്കുന്നത്. പ്രസ്തുത ഏജൻസികളുടെ കമ്മീഷനും ജി.എസ്.ടി.-യും നൽകിക്കഴിഞ്ഞാൽ ഒരു കോടി രൂപയിൽ വളരെ കുറച്ച് തുക മാത്രമേ ഈ പാവപ്പെട്ട ജനവിഭാഗങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിന് വിനിയോഗിക്കാൻ സാധിക്കുകയുള്ളൂ. അതുപോലെ ഇതുമായി ബന്ധപ്പെട്ട വർക്കുകൾ പഞ്ചായത്തുകളെ ഏൽപ്പിക്കുന്നതിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇപ്പോൾ ചില

വർക്കുകൾ പഞ്ചായത്തുകളെ ഏൽപ്പിച്ചിട്ടുണ്ട്. വർക്കുകൾ പൂർണ്ണമായും പഞ്ചായത്തുകളെ ഏൽപ്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

ശ്രീ. പി. പി. സുമോദ്: കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഇൻഫർമേഷൻ ടെക്നോളജിയും ബയോടെക്നോളജിയുമുൾപ്പെടെയുള്ള വിവിധ ന്യൂജനറേഷൻ കോഴ്സുകൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വന്നുകൊണ്ടിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിൽവരുന്ന പല കോഴ്സുകൾക്കും ഭീമമായ തുക മുൻകൂറായി നൽകേണ്ടിവരുന്നതിനാൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട പല വിദ്യാർത്ഥികൾക്കും അവർ ആഗ്രഹിക്കുന്ന കോഴ്സിൽ പ്രവേശിക്കാൻ സാധിക്കാത്ത അവസ്ഥ നിലവിലുണ്ട്. ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ രംഗത്തേയ്ക്ക് കടന്നുവരാനുള്ള എല്ലാ സൗകര്യവും ചെയ്തുകൊടുക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യം. അതിനുവേണ്ടിയാണ് ഇന്ത്യയിലെ പ്രധാനപ്പെട്ട സ്ഥാപനങ്ങളിൽ പഠിക്കാൻ സൗകര്യമുണ്ടാക്കുന്നതിനുവേണ്ടി പുതിയ ഉത്തരവുതന്നെ പുറപ്പെടുവിച്ചിരിക്കുന്നത്. ചില സ്വകാര്യ മാനേജ്മെന്റുകൾ

നടത്തുന്ന കോളേജുകളിൽ തുക മുൻകൂട്ടി അടയ്ക്കാത്തതിനാൽ കുട്ടികൾക്ക് അഡ്മിഷൻ കൊടുക്കുന്നില്ലെന്ന പരാതി ഉയർന്നുവരുകയുണ്ടായി. പ്രസ്തുത കോളേജ് മാനേജ്മെന്റുമായി സംസാരിക്കുകയും ചെയ്തിട്ടുണ്ട്. തുക മുൻകൂട്ടി അടയ്ക്കുന്നതിനുപകരം എല്ലാ കുട്ടികൾക്കും ഫ്രീ ഷിപ്പ് കാർഡുകൾ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കാർഡ് കാണിച്ചാൽ അതത് സ്ഥാപനങ്ങൾ ആ കുട്ടികൾക്ക് അഡ്മിഷൻ നൽകുന്നതിന് ഒരു തടസ്സവും പറയുന്നില്ല.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട പ്രീമെട്രിക് വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ നൽകിവന്നിരുന്ന സ്കോളർഷിപ്പ് 9, 10 ക്ലാസുകൾക്ക് മാത്രമായി പരിമിതപ്പെടുത്തിയതുകാരണം ഒന്നുമുതൽ എട്ടാം ക്ലാസ് വരെയുള്ള ഒ.ബി.സി. വിദ്യാർത്ഥികൾക്ക് ലഭിച്ചിരുന്ന പ്രത്യേക സ്കോളർഷിപ്പ് ഇല്ലാതായിട്ടുണ്ട്. ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഒ.ബി.സി. കുട്ടികൾക്കുമാത്രമല്ല ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെട്ട ഒന്നുമുതൽ എട്ടുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ലഭിച്ചിരുന്ന സ്കോളർഷിപ്പുകൾ കേന്ദ്ര ഗവൺമെന്റ്

നിർത്തലാക്കുകയും 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കുമാത്രമായി അത് പരിമിതപ്പെടുത്തുകയും ചെയ്തു. ഒന്നുമുതൽ എട്ടുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് നിലവിൽ കിട്ടിക്കൊണ്ടിരുന്ന സ്കോളർഷിപ്പ് നിന്നുപോകാതിരിക്കാൻ സംസ്ഥാന ഗവൺമെന്റ് ബഡ്ജറ്റിൽ പ്രത്യേക തുക വകയിരുത്തിയിട്ടുണ്ട്. ഈ വർഷംമുതൽ ഒന്നുമുതൽ എട്ടുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കുകൂടി സ്കോളർഷിപ്പ് നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസപരമായ ഉയർച്ച നമ്മളെല്ലാവരും ആഗ്രഹിക്കുന്നു. ഇതിന്റെ ഭാഗമായി ഗവൺമെന്റ് പരിശോധിച്ചപ്പോൾ പട്ടികവർഗ്ഗ മേഖലയിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് വളരെ വലിയതോതിൽ ഉണ്ടായിട്ടുണ്ട്. ഇത് തടയുന്നതിനുവേണ്ടിയാണ് 'ഗോത്രസാരഥി പദ്ധതി' ഗവൺമെന്റ് ആവിഷ്കരിച്ചത്. മാത്രമല്ല, ഗോത്രസാരഥി പദ്ധതി ആവിഷ്കരിച്ച ഘട്ടത്തിൽ എല്ലാ കോളനികളിലെയും കുട്ടികളെ വിദ്യാലയങ്ങളിലേക്ക് എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗോത്രസാരഥി പദ്ധതിയുടെ പേര് മാറ്റി ഇപ്പോൾ 'വിദ്യാവാഹിനി' എന്നാക്കി. വിദ്യാവാഹിനി പദ്ധതിയുടെ ഓർഡർ

പരിശോധിച്ചപ്പോൾ ഗോത്രസാരഥി പദ്ധതിയിൽപ്പെട്ട പല കോളനികളും ഒഴിവായിപ്പോയിരിക്കുകയാണ്. മാത്രമല്ല, കുട്ടികൾ ഗോത്രസാരഥിയുടെ അല്ലെങ്കിൽ വിദ്യാവാഹിനിയുടെ വണ്ടി വരുമെന്ന് പ്രതീക്ഷിച്ചുനിൽക്കുകയാണ്. അങ്ങനെ പല കോളനികളിലും ഇന്ന് കുട്ടികൾ വിദ്യാലയങ്ങളിലേക്ക് എത്താതെ അവരുടെ പഠനം പകുതി വഴിയിൽ മുടങ്ങുന്ന ഒരു സാഹചര്യവുമുണ്ട്. കൊച്ചുകുട്ടികളാണ്; നമ്മുടെ നാടിന്റെ വികസനം, റോഡിന്റെ വികസനം, ഗതാഗത കുരുക്കുകൾ എന്നിവയൊക്കെ വലിയ ഭീഷണിയായി മാറിയിരിക്കുകയാണ്. അതുകൊണ്ട് വിദ്യാവാഹിനിയുമായി ബന്ധപ്പെട്ട് പേര് മാറ്റിയിട്ടുള്ള ഈ ഓർഡർ പുനഃപരിശോധിച്ച് വയനാട്, ഇടുക്കി, പാലക്കാട് പോലുള്ള ജില്ലകളിലേക്ക് കൃത്യമായി നടപ്പാക്കാൻ സർക്കാർ തയ്യാറാകണം. എല്ലാ കുട്ടികൾക്കും സ്കൂളിലെത്താനുള്ള അവസരവുമുണ്ടാകണം.

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, നേരത്തേ നടപ്പിലാക്കിയിരുന്ന ഒരു പദ്ധതിയാണ് ഗോത്രവാഹിനി. അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പരിശോധന നടത്തുകയും അത് പിന്നീട് പഞ്ചായത്തിന് നൽകുകയുമുണ്ടായി. അത് പരിശോധിച്ചുകഴിഞ്ഞപ്പോഴാണ് കുറച്ച് കുട്ടികളെ

കൊണ്ടുവരുന്നതിനായി വളരെയധികം പൈസ വേണ്ടി വരുന്നുവെന്ന് മനസ്സിലായത്. കഴിഞ്ഞവർഷം ഏകദേശം 29 കോടിയിൽപ്പരം രൂപയാണ് ഗോത്രവാഹിനി പദ്ധതിക്കുവേണ്ടി മാത്രം പഞ്ചായത്ത് ചെലവഴിച്ചത്. ആ പദ്ധതി ഈ വർഷം മുതൽ വിദ്യാവാഹിനി എന്ന നാമധേയത്തിൽ ഡിപ്പാർട്ടുമെന്റ് തന്നെ ഏറ്റെടുത്തിട്ടുണ്ട്. ഡിപ്പാർട്ടുമെന്റ് ഏറ്റെടുത്തുകഴിഞ്ഞപ്പോൾ ഈ പദ്ധതിയിൽ കൃത്യമായി ആവശ്യമുള്ള കുട്ടികൾക്കുമാത്രം ഈ സംവിധാനമുണ്ടാക്കുകയെന്നതാണ് ഉദ്ദേശിക്കുന്നത്. അനാവശ്യമായി പട്ടികവർഗ്ഗത്തിന്റെ വികസനത്തിനായുള്ള ഫണ്ട് ചെലവഴിക്കുകയാണോ വേണ്ടത്, ആവശ്യത്തിന് ഉപയോഗിക്കുകയാണോ വേണ്ടത് എന്നുള്ള കാര്യത്തെക്കുറിച്ച് നമുക്ക് ധാരണയുണ്ടാകണം. ആവശ്യമുള്ള കുട്ടികളെ വിദ്യാവാഹിനി പദ്ധതിയിലൂടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്. എവിടെയെങ്കിലും എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഇ-ഗ്രാന്റ്സ് പദ്ധതിയുടെ മാനദണ്ഡങ്ങൾ

ഒരു വർഷം ഒരു കോഴ്സിന് മാത്രമായിട്ടാണ് ലഭ്യമാകുന്നത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ ഡിഗ്രി കോഴ്സിന് അഡ്മിഷൻ ലഭിച്ച് രണ്ടുമാസം കഴിഞ്ഞതിനുശേഷമായിരിക്കും മറ്റേതെങ്കിലും പ്രൊഫഷണൽ കോഴ്സിന് അഡ്മിഷൻ ലഭിക്കുന്നത്. ഈ ആനുകൂല്യം ഒരു പ്രാവശ്യം ലഭ്യമായി എന്നതുകൊണ്ട് അടുത്ത കോഴ്സിന് അവർക്ക് ആനുകൂല്യം ലഭ്യമാകുന്നില്ല. ഇത് അവരുടെ പഠനം പലപ്പോഴും തടസ്സപ്പെടുന്നതിനും നിന്നുപോകുന്നതിനും കാരണമാകുന്നുണ്ട്. ഇതിന് എന്തെങ്കിലും പരിഹാരം സർക്കാരിന്റെ ഭാഗത്തുനിന്നും നിർദ്ദേശിക്കാനുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഒരു കോഴ്സിന് ചേർന്ന കുട്ടി ഉടൻതന്നെ മറ്റൊരു സ്ഥാപനത്തിലേക്ക് പോയിട്ടുണ്ടെങ്കിൽ അവരുടെ വിദ്യാഭ്യാസ ആനുകൂല്യത്തിന് തടസ്സമുണ്ടാകില്ല. ആനുകൂല്യങ്ങൾ പറ്റി ഒരു കോഴ്സ് കംപ്ലീറ്റ് ചെയ്ത് സമാനമായ കോഴ്സുകൾക്ക് ചേർന്നുകഴിഞ്ഞാൽ പൈസ കൊടുക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. സമാനമായ കോഴ്സുകൾക്ക് തന്നെയാണ് പിന്നെയും ആ കുട്ടി ചേരുന്നതെങ്കിൽ ആ കുട്ടികൾക്ക് ആനുകൂല്യം കൊടുക്കാൻ കഴിയില്ല. പ്രൊഫഷണൽ കോഴ്സുകൾക്ക് പോകുന്ന

കുട്ടികൾക്ക് പ്രത്യേകമായ പരിഗണന കൊടുക്കുന്നതാണ്.

ശ്രീ. എ. രാജ: സർ, പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാമൂഹിക ഉന്നമനം നേടുന്നതിനുവേണ്ടി നിരവധിയായിട്ടുള്ള പ്രവർത്തനങ്ങളാണ് ഈ ഗവൺമെന്റ് ഏറ്റെടുത്തിട്ടുള്ളത്. അതിന് പ്രത്യേക അഭിനന്ദനങ്ങൾ. എന്റെ ചോദ്യം, ഞാൻ പ്രതിനിധാനം ചെയ്യുന്ന മണ്ഡലം ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള നിരവധി ആളുകളുള്ള പ്രദേശമാണ്. അവർ ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി മറ്റ് ജില്ലകളെയാണ് (തിരുവനന്തപുരം, പാലക്കാട്, എറണാകുളം) ആശ്രയിക്കുന്നത്. അവർക്ക് പലപ്പോഴും ഹോസ്റ്റൽ സൗകര്യങ്ങൾ ലഭിക്കുമ്പോൾ കാലതാമസം വരുന്നുണ്ട്. രണ്ടാം വർഷമോ മൂന്നാം വർഷമോ ആണ് ഹോസ്റ്റൽ സൗകര്യം ലഭിക്കുന്നത്. കൂടുതൽ ഹോസ്റ്റൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രത്യേകമായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇപ്പോൾ മൂന്നാർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ നിന്ന് കുട്ടികൾ തിരുവനന്തപുരത്തേക്കാണ് കൂടുതൽ വരുന്നത്. പാലക്കാട്, തൃശ്ശൂർ എന്നിവിടങ്ങളിലേക്കും വരുന്നുണ്ട്. തൃശ്ശൂർ ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ഇപ്പോൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

അതുപോലെ തന്നെ എറണാകുളത്തും ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരത്തും പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതുപോലെ തന്നെ പാലക്കാട് നൂറണി എന്നുപറയുന്ന പ്രദേശത്ത് ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ കൂടി സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പിന്നോക്ക പ്രദേശങ്ങളിലെ കുട്ടികൾക്ക് പഠിക്കാനുള്ള കൂടുതൽ സൗകര്യങ്ങൾ ചെയ്തുകൊടുക്കുക എന്നതുതന്നെയാണ് ഗവൺമെന്റിന്റെ ലക്ഷ്യം.

ശ്രീ. സണ്ണി ജോസഫ്: സർ, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയിരുന്ന ഗോത്രസാരഥി പദ്ധതിയെക്കുറിച്ച് നേരത്തേ ഇവിടെ പറയുകയുണ്ടായി. അതിൽ വാഹനം ഓടിച്ചവർക്ക് പണം കൊടുത്തിട്ടില്ല. ഒരുപാട് തുക കൊടുക്കാൻ ബാക്കിയുണ്ട്. അതുകൊണ്ട് ഡ്രൈവർമാർ, വാഹന ഉടമകൾ, സ്കൂൾ പി.ടി.എ., സ്കൂൾ അധികാരികൾ എല്ലാം പ്രയാസത്തിലാണ്. പല സ്ഥലത്തും വാഹനങ്ങൾ കിട്ടാറില്ല. ആറളം ആദിവാസി മേഖലയിൽപോലും ഇപ്പോൾ കുട്ടികൾ പ്രയാസപ്പെടുകയാണ്. അതുകൊണ്ട് ഇതിലുള്ള കുടിശ്ശിക കൊടുത്തുതീർക്കാനും പുതിയ പദ്ധതി ഫലപ്രദമായി

നടപ്പിലാക്കാനുമാവശ്യമായ മേൽനോട്ടം നടത്താനുമുള്ള തീരുമാനമുണ്ടാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് ശരിയാണ്. ആറളം ഫാം അടക്കമുള്ള പ്രദേശങ്ങളിൽ ഗോത്രസാരഥി പദ്ധതി പ്രകാരം ഓടിയിരുന്ന വണ്ടികളിലെ ഡ്രൈവർമാർക്ക് കൂലി ലഭിച്ചിട്ടില്ല എന്ന പരാതി ഉണ്ടായിട്ടുണ്ട്. അവിടെ മാത്രമല്ല, മറ്റ് പല സ്ഥലത്തും ഈ പ്രശ്നമുണ്ടായിട്ടുണ്ട്. കുടിശ്ശിക തീർത്തുകൊടുക്കാനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. ചില സ്ഥലങ്ങളിൽ കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർത്തിട്ടുണ്ട്. അവശേഷിക്കുന്ന സ്ഥലത്തുകൂടി കുടിശ്ശിക കൊടുത്തുതീർക്കാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ആറളം ഫാമിലെ യാത്രാ സൗകര്യത്തിനുവേണ്ടിയാണ് അങ്ങ് കൂടി പങ്കെടുത്തുകൊണ്ട് ഒരു ഗ്രാമവണ്ടി ഓടാൻ തുടങ്ങിയത്. അത് അവിടത്തെ കുട്ടികൾക്കും ആളുകൾക്കും വളരെ സൗകര്യപ്രദമാണെന്നുള്ളത് നമുക്കറിയാം. ആറളം ഫാമിലടക്കമുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടി നമ്മൾ ഇടപെട്ടിട്ടുണ്ട്. അത് പരിഹരിച്ചുകൊണ്ടിരിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ്: സർ, പട്ടികജാതി വിദ്യാർത്ഥികളുടെ

വിദ്യാഭ്യാസ പ്രോത്സാഹനത്തിന് പ്രധാനപ്പെട്ട സ്ഥാപനമാണ് പ്രീമെട്രിക് ഹോസ്റ്റലുകൾ. ഇവിടെ വിശദമായ അവലോകനം നടത്തുമ്പോൾ ഞാൻ എന്റെ മണ്ഡലത്തിലെ ഒരു പ്രീമെട്രിക് ഹോസ്റ്റൽ നടത്തിയ അനുഭവത്തിന്റെ പശ്ചാത്തലത്തിലാണ് ഈ ചോദ്യം ചോദിക്കുന്നത്. അവിടെ രണ്ട് കുക്ക്, ഒരു മേട്രൻ, സെക്യൂരിറ്റി ജീവനക്കാരനും കുട്ടികൾക്ക് ട്യൂഷൻ എടുക്കുന്നതിനായി ഏഴ് അദ്ധ്യാപകരുമുണ്ട്. എന്നാൽ അവിടെ ആറ് കുട്ടികൾ മാത്രമേയുള്ളൂ. അവിടെയുള്ള പ്രൊമോട്ടർമാരോട് സാഹചര്യങ്ങളില്ലാത്ത പട്ടികജാതി കുടുംബങ്ങളിൽനിന്നും കുട്ടികളെ കണ്ടെത്തി നിർബന്ധമായും ഹോസ്റ്റലിൽ എത്തിക്കണമെന്ന് പറഞ്ഞിട്ടും അത് ഫലവത്താകുന്നില്ല. സംസ്ഥാനാടിസ്ഥാനത്തിൽ പ്രീമെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഇത്തരത്തിൽ അധികമായ സൗകര്യങ്ങൾ നിലനിൽക്കുന്നിടത്തുനിന്നും കുട്ടികൾക്ക് ഈ സൗകര്യം നൽകേണ്ട ആവശ്യമുള്ള സ്ഥലങ്ങളിലേക്ക് ജില്ല മാറ്റി നൽകുന്നതിനുള്ള സംവിധാനത്തെ സംബന്ധിച്ച് ആലോചിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ഇതുസംബന്ധിച്ച് നല്ലരീതിയിൽ പരിശോധന നടത്തിയിട്ടുണ്ട്. പ്രത്യേകിച്ച് പട്ടികജാതി വകുപ്പിന്റെ 85

പ്രീമെട്രിക് ഹോസ്റ്റലുകളുണ്ട്. ആ ഹോസ്റ്റലുകളിലാണ് കുട്ടികളുടെ കുറവുണ്ടായിട്ടുള്ളത്. നമ്മുടെ പൊതുവിദ്യാഭ്യാസം മെച്ചപ്പെട്ടതോടുകൂടി രക്ഷകർത്താക്കൾ കുട്ടികളെ തങ്ങളുടെ വീടിനടുത്തുതന്നെയുള്ള സ്കൂളുകളിൽ ചേർക്കുന്നതിനുവേണ്ടി തയ്യാറാകുന്നതിനാൽ പ്രീമെട്രിക് ഹോസ്റ്റലുകളിലേയ്ക്ക് കുട്ടികളുടെ വരവ് കുറച്ചിട്ടുണ്ട്. അങ്ങ് ഇവിടെ സൂചിപ്പിച്ച ആറ് കുട്ടികളും ഏഴ് അദ്ധ്യാപകരും എന്നതിനെക്കാൾ കുട്ടികൾ കുറഞ്ഞ ഹോസ്റ്റലുകളുണ്ട്. മൂന്ന് കുട്ടികളും ആറ് ജീവനക്കാരുമുള്ള പ്രീമെട്രിക് ഹോസ്റ്റലുകളുമുണ്ട്. അത്തരം പ്രീമെട്രിക് ഹോസ്റ്റലുകൾ നിലനിർത്തണമോ, അവിടെ മറ്റെന്തെങ്കിലും കോഴ്സുകൾ ആരംഭിക്കണമോയെന്നത് സംബന്ധിച്ച് ആലോചിച്ചിട്ടുണ്ട്. തീർച്ചയായും പ്രീമെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ശ്രമിക്കുന്നുണ്ട്. മെച്ചപ്പെടുത്തിയാലും അതിനെക്കാളും മെച്ചപ്പെട്ട പഠന സൗകര്യം പ്രാദേശികമായി ലഭിക്കുന്നുണ്ടെങ്കിൽ രക്ഷകർത്താക്കൾ കുട്ടികളെ സ്വന്തം വീടുകളുടെ സമീപത്തെ സ്കൂളുകളിൽ പഠിപ്പിക്കുന്നതിനുവേണ്ടിയാണ് താല്പര്യപ്പെടുന്നത്. അതിന്റെയൊരു കുറവ് നമ്മുടെ പ്രീമെട്രിക് ഹോസ്റ്റലുകളിൽ വരുന്നുണ്ട്.

<u>ശ്രീമതി ദെലീമ</u>: സർ, പട്ടികജാതി പട്ടികവർഗ്ഗ ഭിന്നശേഷിയുള്ള

കുട്ടികൾക്ക് പ്രത്യേക പഠനത്തിന് എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; സാമൂഹ്യനീതി വകുപ്പ് മുഖേന പദ്ധതികളുണ്ട്, അതുകൂടാതെ എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി അങ്ങനെയൊരു പദ്ധതി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതായത്, ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കൂടുതൽ സഹായം ചെയ്യുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, രാജ്യത്തുതന്നെ അപൂർവ്വമായുള്ള ഒരു സ്ഥാപനമാണ് പാലക്കാട് ജില്ലയിലെ മെഡിക്കൽ കോളേജ്. എഴുപതിലധികം പട്ടികജാതി വിദ്യാർത്ഥികളെ മെഡിസിന് പഠിപ്പിക്കുന്ന ഒരു സ്ഥാപനം രാജ്യത്ത് മറ്റൊരിടത്തുമില്ല. ഇത്തവണ അവിടത്തെ ആരോഗ്യ സർവ്വകലാശാലയുടെ പരിശോധനയിൽ 14 ശതമാനം അദ്ധ്യാപകരുടെ കുറവും 41 ശതമാനം റെസിഡന്റുമാരുടെ കുറവും അനുഭവപ്പെട്ടിരിക്കുകയാണ്. അതുപോലെ, കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ പൂർത്തീകരണത്തിന് നമ്മൾ

നിശ്ചയിച്ചുകൊടുത്ത സമയത്തിൽനിന്നും കൂടുതൽ മുന്നോട്ടുപോകുന്നു. അവിടെ കിടത്തി ചികിത്സയുൾപ്പെടെയുള്ള കാര്യങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിരുന്ന സമയപരിധിയെല്ലാം ലംഘിച്ച് മുന്നോട്ടുപോകുന്ന സാഹചര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി പങ്കെടുക്കുന്ന അടിയന്തരമായ യോഗം വിളിച്ചുചേർത്ത് മെഡിക്കൽ കോളേജിന്റെ നിർമ്മാണപ്രവർത്തനം വേഗത്തിൽ പൂർത്തീകരിച്ച് കുറവുകൾ പരിഹരിച്ച് പൂർണ്ണ സജ്ജമായ ഒരു ആശുപത്രിയും പഠനസൗകര്യവും അവിടത്തെ വിദ്യാർത്ഥികൾക്കും ജനങ്ങൾക്കും ഒരുക്കിക്കൊടുക്കാൻ അടിയന്തര ഇടപെടലുകളുണ്ടാകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം പാലക്കാട് മെഡിക്കൽ കോളേജിനെ സംബന്ധിച്ച കാര്യങ്ങളാണ് ചൂണ്ടിക്കാണിച്ചത്. അതിന്റെ ഭൗതിക സാഹചര്യങ്ങൾ ഏറെ മെച്ചപ്പെട്ടുകഴിഞ്ഞു. 98 ശതമാനത്തിലധികം ഭൗതിക സാഹചര്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. അവിടെ ഇനി 2 ശതമാനം പണികൾ മാത്രമാണ് പൂർത്തീകരിക്കാനുള്ളത്. അത് എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവിടെ ആവശ്യമായ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് കുറെ അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. അവശേഷിക്കുന്ന അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതിന്റെ പ്രൊപ്പോസൽ ധനകാര്യ

വകുപ്പിൽ പെൻഡിംഗിലാണ്. അത് ലഭിച്ചാലുടൻ പൂർണ്ണമായും അദ്ധ്യാപകരെ നിയമിക്കാൻ സാധിക്കും. അതോടൊപ്പം ആ മെഡിക്കൽ കോളേജിനോട് ചേർന്ന് സംസ്ഥാന ഗവൺമെന്റിന്റെ നഴ്സിംഗ് കോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അവിടെ ഒരു നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾകൂടി സ്വീകരിക്കുകയാണ്.

## ട്രേസ് പദ്ധതി

3 (*63) ശ്രീ. മുരളി പെരുനെല്ലി:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കളുടെ മികച്ച ഭാവിക്കായി രൂപം നൽകിയ ട്രേസ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതുവരെയായി എത്ര പേർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി മാറിയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ,

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്ത വിദ്യരായവരെ സർക്കാർ സംവിധാനത്തിൽ തൊഴിൽ പരിശീലനത്തിനും നൈപുണ്യ വികസനത്തിനുമായി ഓണറേറിയം നൽകി വിവിധ വകുപ്പുകൾക്ക് കീഴിൽ 2 വർഷ കാലയളവിലേക്ക് നിയമിക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ട്രേസ് (ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്).

(ബി) നിലവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നും 500 എഞ്ചിനിയറിംഗ് ഉദ്യോഗാർത്ഥികൾക്ക് അക്രഡിറ്റഡ് എഞ്ചിനീയർ നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 114 MSW ബിരുദധാരികൾക്ക് സോഷ്യൽ വർക്കർമാരായും 380 ബിരുദധാരികൾക്ക് അപ്രന്റീസ് ക്ലർക്കുമാരായും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമനം നൽകിയിട്ടുണ്ട്. 87 നിയമ ബിരുദധാരികളെ ഓണറേറിയം വ്യവസ്ഥയിൽ ലീഗൽ അസിസ്റ്റന്റ് തസ്തികയിലും നിയമിച്ചു. ഇതിനുപുറമേ 140 മാനേജ്മെന്റ് ട്രെയിനീസ്, 49 സ്റ്റുഡന്റ്സ് കൗൺസിലർമാർ, 326 മെന്റർ ടീച്ചർമാരെയും

നിയമിച്ചിട്ടുണ്ട്.

(സി) ഉണ്ട്. നഴ്സിംഗ്, പാരാമെഡിക്കൽ, സ്കൂൾ-കോളേജ് അധ്യാപക യോഗ്യതയുള്ളവർക്ക് അതാത് മേഖലകളിലും ഐ.ടി.ഐ/ഡിപ്ലോമ യോഗ്യത നേടിയവർക്ക് കെ.എസ്.ഇ.ബി-യിലും കെ.എസ്.ആർ.ടി.സി.-യിലും ജെ.ഡി.സി/എച്ച്.ഡി.സി വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് സഹകരണ സംഘങ്ങളിലും സഹകരണ വകുപ്പിന്റെ ഓഫീസുകളിലും തൊഴിലവസരങ്ങൾ ഒരുക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇത്തരത്തിൽ വിവിധ മേഖലകളിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവരുടെ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ പരിശീലനവും പിന്തുണയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് Training for Career Excellence (TRACE) പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചത്. അതുകൂടാതെ എംപവർമെന്റ് സൊസൈറ്റി രൂപീകരിച്ചുകൊണ്ട് അതിന്റെ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്.

ശ്രീ. മുരളി പെരുനെല്ലി ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ഒ. ആർ. കേളു): സർ, കേരള സർക്കാരിന്റെയും പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പിനും

തദ്ദേശ ജനതയോടുള്ള സമീപനം വളരെ അഭിമാനകാരമായ ഒരു കാര്യം തന്നെയാണ്. ട്രേസ് (ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്) പദ്ധതിപ്രകാരം ഉദ്യോഗാർത്ഥികളെ വിദേശത്ത് പരിശീലനത്തിന് അയച്ചിട്ടുണ്ട്. എത്ര കുട്ടികളെ ഈ കാലയളവിൽ അങ്ങനെ അയയ്ക്കാൻ സാധിച്ചിട്ടുണ്ട്; ഇനി എത്ര കുട്ടികളെ അയയ്ക്കാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത് എന്നത് സംബന്ധിച്ച് വിശദമാക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ട്രേസ് പദ്ധതിയിലൂടെ യോഗ്യരാക്കിയവരെ വിദേശത്തടക്കം ജോലി ലഭിക്കാനുള്ള സൗകര്യം ഒരുക്കുകയാണ് ചെയ്യുന്നത്. വിദേശ സർവ്വകലാശാലയിൽ പഠിക്കാൻ പോകുന്ന കുട്ടികളെ ഉദ്ദേശിച്ചാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചതെങ്കിൽ, നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ മാർച്ച് 31 വരെ 425 കുട്ടികളെയാണ് വിദേശ സർവ്വകലാശാലയിൽ പഠിക്കാനയച്ചത്. അവിടെ പഠിക്കാൻ പോകുന്ന കുട്ടികൾക്ക് വിദേശത്ത് തന്നെ ജോലി ലഭിക്കുന്നതിനുള്ള സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നുണ്ട്.

ശ്രീ. ഒ. ആർ. കേളു: സർ, പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് നടപ്പാക്കുന്ന മറ്റൊരു പദ്ധതിയാണ് വിദൂര വിദ്യാഭ്യാസ പദ്ധതി. അതിന്റെ ജില്ലാതല

ഉദ്ഘാടനം വകുപ്പുമന്ത്രി നിർവ്വഹിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പദ്ധതിയുടെ പ്രവർത്തനം ത്വരിതപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ വയനാട് ജില്ലയിൽ പദ്ധതി എത്രയും വേഗത്തിൽ നടപ്പിലാക്കാൻ സാധിക്കുന്നതാണ്.

ഡോ. കെ. ടി. ജലീൽ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീമതി ശാന്തകുമാരി കെ.): സർ, പരാമ്പരാഗത തൊഴിൽ മേഖലയിൽ മാത്രം തളച്ചിടാൻ കാലഘട്ടം വിധിക്കപ്പെട്ട ഒരു വിഭാഗമായിരുന്നു പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർ. എന്നാൽ, മാറിയ കാലഘട്ടത്തിൽ പ്രതിസന്ധികളെ മറികടന്ന് പുതിയ തലമുറയിലെ കോഴ്സുകളും സാങ്കേതിക വിദ്യാഭ്യാസ കോഴ്സുകളും തെരഞ്ഞെടുത്ത് അഭ്യസ്തവിദ്യരായ യുവതലമുറയ്ക്ക് അന്തസ്സുള്ള തൊഴിലുറപ്പാക്കാനുള്ള പ്രതീക്ഷയാണ് ട്രേസ് പദ്ധതി. അത് നടപ്പിലാക്കിയ സർക്കാരിനെയും വകുപ്പിനെയും പ്രത്യേകം അഭിനന്ദിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടപ്പെടുകയും സ്വകാര്യവൽക്കരിക്കപ്പെടുകയും ചെയ്യുന്ന വർത്തമാന ഇന്ത്യൻ സാഹചര്യത്തിൽ കേരളത്തിലെ ട്രേസ് പദ്ധതിയിലൂടെ പരിശീലനം

ലഭ്യമാക്കിയ യുവതീ-യുവാക്കൾക്ക് ഭാവി സുരക്ഷിതത്വത്തിന് അനിവാര്യമായ സുസ്ഥിര തൊഴിൽ ലഭ്യമാക്കാൻ സർക്കാർ-പൊതുമേഖലാ-സ്വകാര്യ-എയ്ഡഡ് സ്ഥാപനങ്ങളിൽ സ്ഥിരനിയമനങ്ങൾ നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ട്രേസ് പദ്ധതിയിലൂടെ അവരെ തൊഴിൽ സംരംഭകരാക്കി മാറ്റാനുള്ള ഒരു നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്. എല്ലാ സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിലും റിസർവേഷൻ അനുസരിച്ച് മാത്രമാണ് നിയമനങ്ങൾ നടക്കുന്നത്. സ്വകാര്യ മേഖലയിൽ റിസർവേഷൻ ഏർപ്പെടുത്തിയിട്ടില്ല. സ്വകാര്യ മേഖലയുൾപ്പെടെ എല്ലാ മേഖലയിലും കുട്ടികൾക്ക് ജോലി ലഭിക്കുന്നതിന് വേണ്ടിയാണ് ഈ പരിശീലന പദ്ധതി നടപ്പിലാക്കുന്നത്. സ്വകാര്യ മേഖലയിലടക്കം ഇന്റർവ്യൂ നടക്കുമ്പോൾ പരിശീലനം ലഭിച്ചവരാണെങ്കിൽ അവർക്ക് മുൻഗണനയുണ്ട്. സ്വഭാവികമായും ഈ കുട്ടികൾക്ക് പരിശീലനം ലഭിക്കാൻ സാധ്യതയില്ലായിരുന്നു. എന്നാൽ, ട്രേസ് പദ്ധതി നടപ്പിലാക്കുന്നതോടെ വിവിധ മേഖലകളിൽ പരിശീലനം നേടി പൊതുമേഖലാ-സ്വകാര്യമേഖലാ സ്ഥാപനങ്ങളിൽ തൊഴിൽ അന്വേഷിച്ച് പോകുമ്പോൾ ട്രേസ് പദ്ധതിയിലൂടെ

ലഭിച്ച പരിശീലന സർട്ടിഫിക്കേറ്റ് ഹാജരാക്കാനും സാധിക്കും. അതാണ് ട്രേസ് പദ്ധതിയുടെ പ്രധാന സവിശേഷത. കുട്ടികൾക്ക് മറ്റ് മേഖലയിലേയ്ക്ക് തൊഴിൽ തേടിപ്പോകാനുള്ള ആത്മവിശ്വാസം ഉണ്ടാക്കിക്കൊടുക്കാനും തൊഴിൽ ലഭിക്കാനുമുള്ള സാഹചര്യമാണ് ഈ പദ്ധതിയിലൂടെ ഒരുക്കിക്കൊടുക്കുന്നത്. നേരത്തേ സൂചിപ്പിച്ചതുപോലെ അവരെയും പുതിയ കാലഘട്ടത്തിനനുസരിച്ച് തൊഴിൽ മേഖലയിലടക്കം ഉയർത്തിക്കൊണ്ടുവരാനുള്ള ഇടപെടലാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. കെ. എം. സച്ചിൻദേവ് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി): സർ, പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ ഉന്നമനത്തിനായി ഭാവനാപൂർണ്ണമായ പദ്ധതികൾ വിഭാവന ചെയ്ത് ചുരുങ്ങിയ കാലംകൊണ്ട് നടപ്പാക്കി വിജയകരമാക്കുന്ന സർക്കാരിനും മന്ത്രിക്കും അഭിനന്ദനങ്ങൾ. മറ്റ് സർക്കാർ വകുപ്പുകളിലും പൊതുമേഖല വ്യവസായ സ്ഥാപനങ്ങളിലും വിവിധ കോഴ്സുകൾ പാസായ ഇത്തരത്തിലുള്ള വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനും സർക്കാർ മേഖലയിൽ സംരംഭങ്ങൾ കുറവായ ഐ.ടി. മേഖല, ഏവിയേഷൻ,

മറൈൻ എഞ്ചിനീയറിംഗ് തുടങ്ങിയ സ്വകാര്യ മേഖലയിലും തൊഴിൽ പരിശീലന നൈപുണ്യം നൽകുന്നതിനും ഒരു ബൃഹത് പദ്ധതി രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യം സർക്കാർ ഇപ്പോൾത്തന്നെ ചെയ്തുകഴിഞ്ഞു. കേരള എംപവർമെന്റ് സൊസൈറ്റി എന്ന പേരിൽ ഒരു സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. ആധുനിക കാലഘട്ടത്തിൽ എല്ലാ തൊഴിൽമേഖലയിലേയ്ക്കും ഉദ്യോഗാർത്ഥികൾക്ക് കടന്നുവരാൻ വേണ്ടിയുള്ള പരിശീലനം കൊടുക്കുകയാണ് ലക്ഷ്യം. പല ഏജൻസികളുമായി ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. ആ ചർച്ചയുടെ അടിസ്ഥാനത്തിൽ പരിശീലനം കൊടുക്കാനുള്ള തയ്യാറെടുപ്പുകൾ നടത്തികൊണ്ടിരിക്കുകയാണ്. നല്ലരീതിയിൽ പരിശീലനം കൊടുത്ത് അവരെ പ്രാപ്തമാക്കുകയെന്നുള്ളതാണ് നമ്മുടെ ഉദ്ദേശ്യം. ഇക്കാര്യം ഐ.ടി. മിഷനുമായും നോളഡ്ജ് ഇക്കോണമി മിഷനുമായും ചർച്ച ചെയ്തിട്ടുണ്ട്. കൂടാതെ സംരംഭകരെ വളർത്തിയെടുക്കാനുള്ള ഇടപെടലും നടത്തുന്നുണ്ട്. വ്യത്യസ്തങ്ങളായ ഇടപെടലുകൾ നടത്തുന്നതിന്റെ അടിസ്ഥാനത്തിൽ പുതിയ സാഹചര്യത്തിൽ തൊഴിൽ അന്വേഷിച്ച് വരുന്ന ആളുകൾക്ക്

അവർക്കാവശ്യമായ ഗൈഡ്‌ലൈൻ കൊടുക്കാൻ വേണ്ടിയുള്ള നടപടിയും സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീമതി ഒ. എസ്. അംബിക: സർ, വൻകിട സ്വകാര്യ സ്ഥാപനങ്ങളിൽ സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികളെ ട്രേസ് പദ്ധതിയുടെ കീഴിൽ തൊഴിൽ പരിശീലനത്തിനായി നിയോഗിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പരിഗണനയിലുണ്ട്. അത് നടത്തിക്കൊണ്ടിരിക്കുകയാണ്. പുതിയ തൊഴിൽ സാധ്യതകൾ കണ്ടെത്താൻ വേണ്ടിയുള്ള ട്രെയിനിംഗാണ് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത്.

ശ്രീ. ടി. സിദ്ദിഖ്: സർ, പ്രൊഫഷണൽ കോളേജ്, ആർട്സ് & സയൻസ് കോളേജ്, സ്പെയിസ്, നാനോ, ഐ.ടി. അലൈഡ്, പി.ജി./പി.എച്ച്.ഡി. ഉൾപ്പെടെയുള്ള വിവിധ മേഖലകളിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഒഴിവുകൾ എത്രയാണ് എന്നതിനെക്കുറിച്ചുള്ള വിശദമായ പഠനം നടന്നിട്ടുണ്ടോ; അതോടൊപ്പം ജോലിയുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഗ്യാപ്പ് ഫില്ല് ചെയ്യാതിരിക്കുമ്പോഴുള്ള

ഒഴിവുകൾ കൃത്യമായി പഠനവിധേയമാക്കിയിട്ടുണ്ടോ; ഈ ഒഴിവുകൾ നികത്താനുള്ള ബ്രിഡ്ജിംഗ് പ്രോസസ് സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, വിവിധ കോളേജുകളിലും പ്രൊഫഷണൽ സ്ഥാപനങ്ങളിലും റിസർവേഷൻ അനുസരിച്ച് കുട്ടികൾക്ക് സീറ്റ് കിട്ടാതിരിക്കുന്ന അവസ്ഥ വന്നിട്ടില്ല. അങ്ങനെ പരാതികൾ വന്നാൽ ഉടൻ തന്നെ ഇടപെട്ട് അത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പഠനം കഴിഞ്ഞുപോയ മേഖലയിൽ ബാക്ക് ലോഗ് പരിഹരിക്കാൻ കഴിയില്ല. ബാക്ക് ലോഗ് പരിശോധിക്കുന്നത് ജോലിയിൽ മാത്രമാണ്. ഏതെങ്കിലും വകുപ്പിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ പ്രാതിനിധ്യക്കുറവ് ഉണ്ടെങ്കിൽ ബാക്ക് ലോഗ് ഫിൽ ചെയ്യുന്നതിന് വേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു റിവ്യൂ കമ്മിറ്റിയുണ്ട്. ആ റിവ്യൂ കമ്മിറ്റി എല്ലാ വർഷവും ചേർന്ന് ഓരോ വകുപ്പിലും ഏതെല്ലാം മേഖലയിലാണ് കുറവ് വന്നിട്ടുള്ളതെന്ന് പരിശോധിച്ച് അവിടെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിക്കൊണ്ട് അവരെ ഫിൽ ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ചില തസ്തികകളിൽ ക്വാളിഫിക്കേഷൻ കുറഞ്ഞതിന്റെ ഫലമായി ജോലി ലഭിക്കാതെ പോയിട്ടുണ്ട്. നിലവിൽ അത്തരത്തിലുള്ള

കുറവുകളും പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. എം. രാജഗോപാലൻ: സർ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾക്കിടയിൽ തോൽവിമൂലം പഠനം നിർത്തുന്ന നല്ലൊരു വിഭാഗം പ്രൊഫഷണൽ വിദ്യാർത്ഥികളുൾപ്പെടെയുള്ളവർക്ക് പ്രത്യേക ഫിനിഷിംഗ് സ്കൂളുകൾ ആരംഭിക്കാൻ നടപടിയായിട്ടുണ്ടോ; കോളേജ് ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികൾക്ക് നൽകുന്ന ഗ്രാന്റ് എത്ര രൂപയാണെന്നും ഇവർക്ക് എന്തെല്ലാം സഹായങ്ങൾ നൽകുന്നുവെന്നും വ്യക്തമാക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കൊഴിഞ്ഞുപോക്ക് തടയുന്നതിനുള്ള എല്ലാ മുൻകരുതലുകളും എടുത്തിട്ടുണ്ട്. കഴിഞ്ഞ ഏപ്രിൽ-മേയ് മാസങ്ങളിൽ എല്ലാ പ്രദേശങ്ങളെയും കേന്ദ്രീകരിച്ചുകൊണ്ടുള്ള വലിയ രീതിയിലുള്ള ഇടപെടലാണ് നടത്തിയത്. എസ്.എസ്.എൽ.സി. കഴിഞ്ഞ് പ്ലസ് ടു-വിനും പ്ലസ് ടു കഴിഞ്ഞ് ഡിഗ്രിക്കും ചേരാത്ത കുട്ടികളുണ്ട്. അങ്ങിവിടെ ചൂണ്ടിക്കാണിച്ചതുപോലെ പ്രൊഫഷണൽ കോഴ്സുകൾക്ക് പോയിട്ട് പകുതിയിൽ നിർത്തിപ്പോകുന്ന കുട്ടികളുമുണ്ട്. അങ്ങനെ വ്യത്യസ്ത മേഖലകളിൽനിന്ന് കൊഴിഞ്ഞുപോകുന്ന കുട്ടികളെ കണ്ടെത്താനും അവരെ

അതാത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്തിക്കാനുമുള്ള വലിയൊരു പ്രവർത്തനമാണ് ഏപ്രിൽ-മേയ് മാസങ്ങളിൽ നടന്നത്. ചില മണ്ഡലങ്ങളിൽ എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ റിവ്യൂ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അവിടങ്ങളിലെല്ലാം ഇക്കാര്യത്തിൽ നല്ല മുന്നേറ്റമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. എല്ലാ എം.എൽ.എ.-മാരുടെയും മണ്ഡലത്തിൽ എസ്.സി./എസ്.ടി. റിവ്യൂ കമ്മിറ്റി കൂടി ഇക്കാര്യങ്ങൾ പരിശോധിക്കണം. തങ്ങളുടെ മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് കുട്ടികൾ കൊഴിഞ്ഞുപോയിട്ടുള്ളത് എന്ന് കണ്ടെത്താനുള്ള ഒരു ശ്രമം എം.എൽ.എ.-മാരുടെ ഭാഗത്തുനിന്ന് കൂടി ഉണ്ടെങ്കിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിയും. കൊഴിഞ്ഞുപോയ കുട്ടികളെ സ്കൂളുകളിലും കോളേജുകളിലും പ്രൊഫഷണൽ സ്ഥാപനങ്ങളിലും എത്തിക്കുക എന്ന് തന്നെയാണ് സർക്കാരിന്റെ നിലപാട്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, വർഷങ്ങളായി പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഐ.ടി.ഐ. സ്ഥാപിച്ച് പ്രവർത്തനം നടന്നുവരികയാണ്. എന്റെ മണ്ഡലത്തിൽ ഒരു പട്ടികജാതി ഐ.ടി.ഐ. ഉണ്ട്. കാലാകാലങ്ങളായി അവിടെ പുതിയ കോഴ്സുകൾ നൽകുന്നതിന് സർക്കാർ വിമുഖത കാണിക്കുകയാണ്. പഴയ കോഴ്സുകാണ് ഇപ്പോഴും

നടക്കുന്നത്. ട്രേസ് വളരെ നല്ലൊരു പദ്ധതിയാണ്. എന്നാൽ, വിദ്യാർത്ഥികൾക്ക് സാങ്കേതിക പരിജ്ഞാനം ലഭിക്കുംവിധം പട്ടികജാതി പട്ടികവർഗ്ഗ ഐ.ടി.ഐ.-കളിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; അതുപോലെ technical know how നൽകത്തക്ക നിലയിലുള്ള പുതിയ സംവിധാനങ്ങളേർപ്പെടുത്താൻ സർക്കാർ ശ്രമിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചത് വളരെ ശരിയാണ്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 44 ഐ.ടി.ഐ.-കളും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 2 ഐ.ടി.ഐ.-കളുമാണുള്ളത്. പരമ്പരാഗതമായുള്ള കോഴ്സുകളാണ് 46 ഐ.ടി.ഐ.-കളിലും നിലവിലുള്ളത്. ആധുനിക യുഗത്തിൽ അവർക്ക് വളർന്നുവരാൻ ആ കോഴ്സുകൾകൊണ്ട് കഴിയുന്നുണ്ടോയെന്ന് പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള കോഴ്സുകൾക്ക് പുറമെ ആധുനിക രീതിയിലുള്ള കോഴ്സുകൾകൂടി ഐ.ടി.ഐ.-കളിൽ സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിന് മുന്നോടിയായി ആഡ് ഓൺ കോഴ്സുകൾ ഐ.ടി.ഐ.-കളിൽ ആരംഭിക്കാൻ പോകുകയാണ്. ഈ വർഷം മുതൽ വ്യത്യസ്ത കോഴ്സുകൾ ഐ.ടി.ഐ.-യോട്

ചേർന്നുകൊണ്ട് നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പുനർഗേഹം പദ്ധതിയിൽ ഭേദഗതി**

4 (*64) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെ തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും അൻപത് മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ ജനവിഭാഗങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കാനുള്ള പുനർഗേഹം പദ്ധതി ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ കീഴിൽ എത്ര വീടുകൾ നാളിതുവരെ പൂർത്തിയാക്കിയിട്ടുണ്ടെന്നും എത്രയെണ്ണം ഇനിയും നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പുനർഗേഹം പദ്ധതിയിൽ ഭേദഗതി ആവശ്യമാണെന്ന്

കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി വഴി പുനരധിവസിക്കപ്പെടുന്നവർക്ക് വീടിന് പുറമെ മറ്റെന്തെങ്കിലും നഷ്ടപരിഹാരം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, (എ) തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന 2,450 കോടി രൂപ അടങ്കൽ തുകയുള്ള ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കുന്ന ബൃഹത് പദ്ധതിയാണ് 'പുനർഗേഹം'. ഫിഷറീസ് വകുപ്പ് 2018-ൽ തീരദേശ ജില്ലകളിൽ നടത്തിയ സർവ്വേ പ്രകാരം 18,685 കുടുംബങ്ങളെയാണ് ഇത്തരത്തിൽ അധിവസിപ്പിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ളത്. 2020-ൽ ആരംഭിച്ച പുനർഗേഹം പദ്ധതി പ്രകാരം നിലവിൽ അപ്പീൽ അപേക്ഷകൾ ഉൾപ്പെടെ 21,220 ഗുണഭോക്താക്കളാണുള്ളത്. ഇതിൽ 8,743 കുടുംബങ്ങൾ മാത്രമാണ് സുരക്ഷിത മേഖലയിൽ മാറി താമസിക്കാൻ സന്നദ്ധത അറിയിച്ചിട്ടുള്ളത്. മാറി താമസിക്കാൻ സന്നദ്ധത അറിയിച്ചതിൽ 4,200 കുടുംബങ്ങൾ സ്വന്തം

നിലയിൽ ഭൂമി കണ്ടെത്തുകയും 3,472 കുടുംബങ്ങൾ ഭൂമി രജിസ്ട്രേഷൻ പൂർത്തീകരിച്ച് ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. പുനർഗേഹം പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ കാരോട്, ബീമാപള്ളി, മലപ്പുറം ജില്ലയിൽ പൊന്നാനി, കൊല്ലം ജില്ലയിൽ ക്യൂ.എസ്.എസ്. കോളനി എന്നിവിടങ്ങളിലായി 390 ഫ്ലാറ്റുകൾ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിലെ മണ്ണുംപുറം, തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ, മലപ്പുറം ജില്ലയിലെ നിറമരുതൂർ, പൊന്നാനി എന്നിവിടങ്ങളിലും കോഴിക്കോട് വെസ്റ്റ്ഹിൽ, കാസർഗോഡ് കോയിപ്പാടി എന്നിവിടങ്ങളിലുമായി 944 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇപ്രകാരം മാറിതാമസിക്കാൻ സന്നദ്ധരായവരിൽ 5,534 കുടുംബങ്ങളുടെ പുനരധിവാസം ഉറപ്പാക്കാൻ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. ഇതിനു പുറമേ തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ, വലിയതുറ, കടകംപള്ളി, കാരോട് എന്നിവിടങ്ങളായി 312 ഫ്ലാറ്റുകളുടെ നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. ശേഷിക്കുന്നവർക്ക് പുനരധിവാസം ഉറപ്പാക്കാൻ തീരദേശ ജില്ലകളിലായി 76.92 ഏക്കർ ഭൂമി കണ്ടെത്തി നടപടി സ്വീകരിച്ചു

വരുന്നു. ഇപ്രകാരം പുനർഗേഹം പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) സുരക്ഷിത മേഖലയിലേക്ക് മാറി താമസിക്കുന്നതിന് സമ്മതം അറിയിച്ചിട്ടുള്ള 8,743 കുടുംബങ്ങളിൽ സ്വന്തം നിലയിൽ ഭൂമി കണ്ടെത്തി വ്യക്തിഗത ഭവന നിർമ്മാണത്തിന് ആഗ്രഹമുള്ളവരിൽ 4,200 കുടുംബങ്ങൾ സ്വന്തം നിലയിൽ ഭൂമി കണ്ടെത്തുകയും 3,472 കുടുംബങ്ങൾ ഭൂമി രജിസ്ട്രേഷൻ പൂർത്തീകരിച്ച് ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ഇതിൽ 2,174 ഗുണഭോക്താക്കൾ വ്യക്തിഗത ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 1,298 ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. 728 പേർ ഭൂമി രജിസ്ട്രേഷൻ നടപടികളുമായി മുന്നോട്ടുപോകുന്നു. ശേഷിക്കുന്നവർ വ്യക്തിഗത ഭവനനിർമ്മാണത്തിനായി ഭൂമി കണ്ടെത്തുന്ന നടപടികളിലുമാണ്. ഇതിനുപുറമേ 390 കുടുംബങ്ങളെ ഫ്ലാറ്റുകൾ നിർമ്മിച്ച് പുനരധിവസിപ്പിക്കുകയും 944 കുടുംബങ്ങൾക്കുള്ള ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുകയുമാണ്.

ഇപ്രകാരം പുനർഗേഹം പദ്ധതി പ്രകാരം 5,534 കുടുംബങ്ങളുടെ

പുനരധിവാസം ഉറപ്പാക്കിയിട്ടുണ്ട്. നിർബന്ധിത പുനരധിവാസം പദ്ധതി ലക്ഷ്യമല്ലാത്തതിനാൽ സുരക്ഷിത മേഖലയിലേയ്ക്ക് മാറി താമസിക്കുന്നതിനു സന്നദ്ധത അറിയിച്ച 8,743 കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ സമയബന്ധിതമായി പുനരധിവസിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി തീരദേശജില്ലകളിൽ 76.92 ഏക്കർ ഭൂമി കണ്ടെത്തുകയും ആയതു ഫ്ലാറ്റുകൾ നിർമ്മിച്ച് മത്സ്യത്തൊഴിലാളി പുനരധിവാസത്തിനായി ലഭ്യമാക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുമുണ്ട്.

തിരുവനന്തപുരം മുട്ടത്തറയിൽ 400 ഫ്ലാറ്റുകളുടെ നിർമ്മാണം അതിവേഗം പുരോഗമിക്കുന്നു. 2024 സെപ്റ്റംബറിൽ നിർമ്മാണം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(സി) പദ്ധതിയുടെ സമയബന്ധിതവും സുഗമവുമായ നിർവ്വഹണത്തിനായി വ്യക്തമായ പദ്ധതി മാർഗ്ഗരേഖ 07-01-2020-ലെ സ.ഉ.(സാധാ) നം. 13/2020/മ.തു.വ. പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ ആദ്യ ഘട്ടങ്ങളിൽ പദ്ധതി പുരോഗതിയെ പ്രതികൂലമായി ബാധിച്ചേക്കുമെന്ന വിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ 25-10-2021-ലെ സ.ഉ. (സാധാ) നം.562/2021/മ.തു.വ.

പ്രകാരം തീരദേശത്ത് നിലവിലിൽ താമസിക്കുന്ന ഭൂമി സ്വന്തം പേരിൽ നിലനിർത്തി കൃഷിക്ക് ഉപയോഗിക്കാവുന്നതാണെന്നും ഗുണഭോക്താവ് ഭൂമിയും വീടും ഒരുമിച്ച് വാങ്ങുന്ന പക്ഷം ഭവനത്തിന്റെ വിസ്തൃതി 400 ചതുരശ്ര അടി മതിയാകുമെന്നും മാർഗ്ഗരേഖയിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ ഗുണഭോക്താവ് ഭൂമി രജിസ്റ്റർ ചെയ്യുമ്പോൾ രജിസ്ട്രേഷൻ ചാർജ്ജും സ്റ്റാമ്പ് ഡ്യൂട്ടിയും ഒഴിവാക്കിയും സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിനാൽ പദ്ധതിയുടെ സുഗമമായ നിർവ്വഹണത്തിന് ഭേദഗതി നിലവിൽ ആവശ്യമില്ല.

(ഡി) അംഗീകരിച്ച പുനർഗേഹം പദ്ധതി പ്രകാരം പുനരധിവാസം അല്ലാതെ അധിക നഷ്ടപരിഹാരം നൽകാൻ വ്യവസ്ഥയില്ല. എന്നാൽ പുനരധിവസിപ്പിക്കപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും വകുപ്പിന്റെ വിവിധ ക്ഷേമ പദ്ധതികൾ പ്രകാരമുള്ള ധനസഹായത്തിന് അർഹതയുണ്ട്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u> സർ, മത്സ്യത്തൊഴിലാളികൾക്ക് പുനരധിവാസം ഉറപ്പാക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ സോഷ്യൽ സർവ്വീസ് സൊസൈറ്റി കടകംപള്ളി വില്ലേജിൽ ഉൾപ്പെട്ട 2 ഏക്കർ ഭൂമി സർക്കാരിന് കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവിടെ പുനരധിവാസം ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. സജി ചെറിയാൻ: സർ, തിരുവനന്തപുരം ജില്ലയിൽ സോഷ്യൽ സർവ്വീസ് സൊസൈറ്റി സർക്കാരിന് കൈമാറിയ 2 ഏക്കർ ഭൂമി 15-02-2023-ലെ 756/2023/RD നമ്പർ ഉത്തരവ് പ്രകാരം മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി ഫിഷറീസ് വകുപ്പിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 168 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് 37.62 കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുകയും ആയതിന് 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായ 20 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഉടൻതന്നെ നിർമ്മാണ പ്രവർത്തനങ്ങളിലേയ്ക്ക് കടക്കും.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, 2020 വർഷം പുറപ്പെടുവിച്ച പുനർഗേഹം പദ്ധതിയുടെ മാനദണ്ഡങ്ങളിൽ 2022-ൽ ചില പരിഷ്കാരങ്ങൾ വരുത്തുകയുണ്ടായി. ഈ പരിഷ്കാരങ്ങൾ ഗുണഭോക്താക്കൾക്ക് എത്രത്തോളം ഗുണകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം 3 കാര്യങ്ങളിലാണ് പരിഷ്കാരങ്ങൾ വരുത്തിയിട്ടുള്ളത്. അതിന്റെ ഫലമായി

നല്ല മാറ്റം കണ്ടുതുടങ്ങിയിട്ടുണ്ട്. ഒന്ന്, 2020-ലെ മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിച്ചതുപ്രകാരം ഗുണഭോക്താക്കൾക്ക് തീരത്തെ ഭൂമി സർക്കാരിലേയ്ക്ക് സറണ്ടർ ചെയ്യാതെ ഉടമസ്ഥാവകാശം നിലനിർത്തി കൃഷി വിനിയോഗിക്കാൻ കഴിയും. രണ്ട്, പദ്ധതി പ്രകാരം ഭൂമിയും വീടും ഒരുമിച്ച് വാങ്ങുന്ന ഗുണഭോക്താക്കൾക്ക് 400 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണമുള്ള ഭവനം ഉൾപ്പെടുന്ന ഭൂമി കണ്ടെത്തി പരമാവധി ആനുകൂല്യമായ 10 ലക്ഷം രൂപ ധനസഹായത്തിന് അർഹത ലഭിക്കുന്നു. മൂന്ന്, രജിസ്ട്രേഷൻ ചാർജ്ജും സ്റ്റാമ്പ് ഡ്യൂട്ടിയും ഒഴിവാക്കി നൽകിയതിലൂടെ ഗുണഭോക്താക്കൾക്ക് 50,000/- രൂപയുടെ നേട്ടമുട്ടാക്കുകയും ടി തുകകൂടി ഭവനനിർമ്മാണത്തിന് പ്രയോജനപ്പെടുത്താനും കഴിയും. ഈ മാറ്റങ്ങൾ വരുത്തിയതിന്റെ ഫലമായി കൂടുതൽ ആളുകൾ പുനർഗേഹം പദ്ധതിയിലേയ്ക്ക് ആകൃഷ്ടരായിട്ടുണ്ട്.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u> സർ, മത്സ്യത്തൊഴിലാളി മേഖലയിൽ ഈ ഗവൺമെന്റ് നടപ്പിലാക്കുന്ന വികസന-ക്ഷേമ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. തീരദേശത്തെ മത്സ്യത്തൊഴിലാളികളെപ്പോലെയുള്ള ഒരു വിഭാഗമാണ് ഉൾനാടൻ മേഖലയിൽ മീൻപിടിക്കുന്ന

മത്സ്യത്തൊഴിലാളികൾ. പോള പായലിന്റെ ശല്ല്യം കാരണം ആയിരക്കണക്കിന് വരുന്ന മത്സ്യത്തൊഴിലാളികൾക്ക് ഇന്ന് മത്സ്യബന്ധനം നടത്താൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഈ പോള പായൽ വാരിമാറ്റുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൂടി യോജിപ്പിച്ചുകൊണ്ട് ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഡിപ്പാർട്ടുമെന്റ് മുൻകയ്യെടുക്കുമോ?

<u>ശ്രീ. സജി ചെറിയാൻ:</u> സർ, തീരത്തെപ്പോലെതന്നെയുള്ള പ്രാധാന്യം ഉൾനാടൻ മത്സ്യമേഖലയ്ക്കും സർക്കാർ കൊടുക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ച പ്രകാരം, വേമ്പനാട് കായലടക്കമുള്ള കായലുകളിലെ ഈ പറയുന്ന പ്രശ്നങ്ങൾ പഠിക്കാനായി കേരള മത്സ്യബന്ധന സമുദ്രഗവേഷണ യൂണിവേഴ്സിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. കേരള മത്സ്യബന്ധന സമുദ്രഗവേഷണ യൂണിവേഴ്സിറ്റി പഠനം നടത്തിയതിന്റെ ഭാഗമായുള്ള സെമിനാർ കഴിഞ്ഞു. പ്രോജക്ട് കംപ്ലീറ്റ് ചെയ്തിട്ടുണ്ട്. എത്രയും വേഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അത് കൈമാറാനായി തീരുമാനിച്ചിട്ടുണ്ട്. ആ പദ്ധതി വരുന്നതോടുകൂടി ഉൾനാടൻ മേഖലയിലെ, പ്രത്യേകിച്ച് കായലുകളിലെ ഈ പറയുന്ന പ്രശ്നങ്ങൾക്ക് ശാശ്വതമായ

പരിഹാരം കാണുകയെന്നതാണ് ലക്ഷ്യമിടുന്നത്.

ശ്രീ. എൻ. കെ. അക്ബർ: സർ, ഈ മേഖലയിൽ സർക്കാരും അങ്ങും നടത്തുന്ന സേവനങ്ങൾ ശ്ലാഘനീയമാണ്. തീരസദസ്സ് ഉൾപ്പെടെയുള്ള മാതൃകാ പരിപാടികൾക്ക് അഭിനന്ദനങ്ങൾ. എന്റെ ചോദ്യം, പുനർഗേഹം പദ്ധതി നിർവ്വഹണത്തിന് നാളിതുവരെ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; എത്ര കോടി രൂപ ചെലവഴിച്ചു; ഈ വർഷം എത്ര കോടി രൂപ ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; പുനർഗേഹം പദ്ധതിയുടെ ഭാഗമായി നൽകുന്ന 10 ലക്ഷം രൂപ ആനുകാലികമായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, അതിന്റെ മൊത്തം കണക്ക് ഞാൻ നേരത്തെ പറഞ്ഞതാണ്. അത് ആവർത്തിക്കുന്നില്ല. 10 ലക്ഷം രൂപയെന്നത് വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ശ്രീമതി കാനത്തിൽ ജമീല: സർ, എന്നും പ്രയാസങ്ങൾ മാത്രം അനുഭവിക്കുന്ന കടലോര ഭാഗങ്ങളിലുള്ള ആളുകൾക്ക് ഏറ്റവും വലിയ സഹായമായാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അത് അഭിനന്ദനാർഹമാണ്. എന്റെ ചോദ്യം, പുനർഗേഹം പദ്ധതി പ്രകാരം

ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകുന്ന പദ്ധതികൾ നിലവിൽ എവിടെയെല്ലാമാണ്; അവയുടെ പുരോഗതിയും വിശദീകരിക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, കേരളത്തെ സംബന്ധിച്ചിടത്തോളം ചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായ മുന്നേറ്റമാണ് ഈ കാര്യത്തിൽ നടത്തുന്നത്. ആലപ്പുഴ ജില്ലയിലെ മണ്ണുംപുറത്ത് 204 ഫ്ലാറ്റുകളുടെ പൂർത്തീകരണ ഘട്ടത്തിലാണ്. കുടിവെള്ളം, എസ്.ടി.പി. പ്ലാന്റ് മാത്രമേ പൂർത്തീകരിക്കാനുള്ളൂ. മലപ്പുറം ജില്ലയിലെ നിറമരുതൂരിൽ 16 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിലെ 400 ഫ്ലാറ്റുകൾ നിശ്ചിത സമയത്തുതന്നെ പൂർത്തീകരിക്കും. അക്കാര്യം നേരത്തെ പറഞ്ഞതാണ്. മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ 100 ഫ്ലാറ്റുകളും കോഴിക്കോട് ജില്ലയിലെ വെസ്റ്റ്ഹില്ലിൽ 80 ഫ്ലാറ്റുകളും കാസർഗോഡ് ജില്ലയിലെ കോയിപ്പാടിയിൽ 144 ഫ്ലാറ്റുകളും ഉൾപ്പെടെ 960-ഓളം ഫ്ലാറ്റുകൾ ഇപ്പോൾ കേരളത്തിൽ നിർമ്മിക്കുന്നുണ്ട്. ചരിത്രത്തിൽ ഏറ്റവും ശ്രദ്ധേയമായ ഇടപെടലാണ് ഈ കാര്യത്തിൽ ചെയ്തിട്ടുള്ളത്.

**സ്കൂൾ, കോളേജ് തലങ്ങളിൽ ഫോറം ഫോർ ഡെമോക്രസി ആന്റ്**

## സോഷ്യൽ ജസ്റ്റിസ്

5 (*65) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. എച്ച്. സലാം:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പാർലമെന്ററി ജനാധിപത്യത്തിന്റെ മൂല്യങ്ങൾ യുവതലമുറയ്ക്ക് പകർന്നുനൽകുന്നതിന് സ്കൂൾ, കോളേജ് തലങ്ങളിൽ ഫോറം ഫോർ ഡെമോക്രസി ആൻഡ് സോഷ്യൽ ജസ്റ്റിസ് (എഫ്.ഡി.എസ്.ജെ.) രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എഫ്.ഡി.എസ്.ജെ.-ന്റെ നേതൃത്വത്തിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വിശദമാക്കാമോ;

(സി) സ്റ്റുഡന്റ്സ് സഭയുടെ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ,

(എ) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും കോളേജുകളിലും ഫോറം ഫോർ ഡെമോക്രസി ആൻഡ് സോഷ്യൽ ജസ്റ്റിസ് (എഫ്.ഡി.എസ്.ജെ) അഥവാ ജനാധിപത്യത്തിനും സാമൂഹിക നീതിയ്ക്കുമായുള്ള വേദി 2022-23 അദ്ധ്യയന വർഷം മുതൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 2022-23 അദ്ധ്യയന വർഷം 155 സ്കൂളുകളിലും 48 കോളേജുകളിലും എഫ്.ഡി.എസ്.ജെ രൂപീകരിക്കുകയുണ്ടായി. 2023-24 അദ്ധ്യയന വർഷത്തിൽ കൂടുതൽ സ്കൂളുകൾ/കോളേജുകളിൽ എഫ്.ഡി.എസ്.ജെ-കളുടെ രൂപീകരണം നടപ്പിലാക്കി വരുന്നു.

(ബി) ഫോറം ഫോർ ഡെമോക്രസി ആൻഡ് സോഷ്യൽ ജസ്റ്റിസിന്റെ ആഭിമുഖ്യത്തിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.

- യൂത്ത്/മോഡൽ പാർലമെന്റ് മത്സരങ്ങൾ
- യൂത്ത്/മോഡൽ പാർലമെന്റ് മത്സരവിജയികളുടെ റിപ്പീറ്റ് പെർഫോമൻസ് (പഴയ നിയമസഭാ മന്ദിരത്തിൽ)
- മികച്ച കുട്ടികളായ പാർലമെന്റേറിയന്മാരുടെ ദ്വിദിന ക്യാമ്പ്.
- ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിലും സർവ്വകലാശാലകളിലുമായി നടത്തപ്പെടുന്ന ഏകദിന/ദ്വിദിന ദേശീയ സെമിനാറുകൾ
- പ്രഭാഷണങ്ങളും ശില്പശാലകളും
- ജനാധിപത്യം, ഭരണഘടന എന്നിവയെ ആസ്പദമാക്കിയുള്ള ക്വിസ്, ഉപന്യാസ, പ്രസംഗ മത്സരങ്ങൾ
- ഭരണഘടനാ ദിനാഘോഷം
- ദിനാചരണങ്ങൾ (സ്വാതന്ത്ര്യദിനം, മനുഷ്യാവകാശ ദിനം, റിപ്പബ്ലിക്

ദിനം)

● പ്രധാന വ്യക്തികളുടെ അനുസ്മരണങ്ങൾ

(സി) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ സ്കൂൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള നൂതന പരിപാടിയായ സ്റ്റുഡന്റ്സ് സഭ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കർമ്മ പരിപാടികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്റ്റുഡന്റ്സ് സഭയുടെ ഭാഗമായി ഓരോ നിയമ സഭാമണ്ഡലത്തിലെയും സ്കൂൾ/ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികൾ അതാത് മണ്ഡലങ്ങളിലെ വിഭവ, വിനിയോഗ സാധ്യതകൾ പഠിക്കുകയും മണ്ഡലത്തെക്കുറിച്ചുള്ള അവരുടെ പ്രതീക്ഷകൾ, അഭിപ്രായങ്ങൾ, നിർദേശങ്ങൾ എന്നിവ സ്റ്റുഡന്റ്സ് സഭയിൽ ചർച്ച ചെയ്യുകയും അവ ജനപ്രതിനിധികളുമായി പങ്കുവയ്ക്കുകയും ചെയ്യുന്നു. സ്റ്റുഡന്റ്സ് സഭയിൽ ഉയർന്നു വരുന്ന ആശയങ്ങളുടെ സാക്ഷാത്കാരത്തിനായി വിദ്യാർത്ഥികളുടെ നേതൃത്വത്തിലുള്ള തുടർ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമാണ്. തദ്ദേശസ്വയംഭരണ വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് ഈ പരിപാടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പരിപാടിയുടെ

നടത്തിപ്പിലേയ്ക്കായി സ്കൂൾ/കോളേജ്തല സമിതികൾ, പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല സമിതികൾ, എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ മണ്ഡലാടിസ്ഥാനത്തിലുള്ള ഉന്നതതല സമിതി എന്നിവ രൂപീകരിച്ചു വരുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ ചുമതലപ്പെടുത്തിയ പ്രകാരം (ശ്രീ. എം. വിജിൻ): സർ, രാഷ്ട്ര പുനർനിർമ്മാണത്തിന്റെ ഭാഗമായി ജനാധിപത്യ മൂല്യങ്ങളോട് കൂറുപുലർത്തുന്ന യുവതലമുറയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടുകൂടി പാർലമെന്ററികാര്യ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയാണ്. സംസ്ഥാനത്തെ അൺഎയ്ഡഡ് സ്കൂളുകളിലേയ്ക്കും കോളേജുകളിലേയ്ക്കും ഫോറം ഫോർ ഡെമോക്രസി ആൻഡ് സോഷ്യൽ ജസ്റ്റിസ് വ്യാപിപ്പിക്കാൻ പദ്ധതിയുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇപ്പോൾ സർക്കാർ സ്കൂളുകളിലും കോളേജികളിലും വ്യാപിപ്പിച്ചതിനുശേഷം അൺഎയ്ഡഡ് സെക്ടറിലേയ്ക്ക് മാറുന്ന കാര്യം ആലോചിക്കാവുന്നതാണ്.

ശ്രീ. എം. വിജിൻ: സർ, ഫോറം ഫോർ ഡെമോക്രസി ആൻഡ് സോഷ്യൽ ജസ്റ്റിസിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ മുഴുവൻ

സ്കൂളുകളിലും കോളേജുകളിലും ഭരണഘടന അവബോധ പരിപാടികൾ ആസൂത്രണം ചെയ്യാൻ പദ്ധതിയുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഭരണഘടന ഉൾപ്പെടെ ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും മൂല്യങ്ങൾ ചെറുപ്രായത്തിൽ തന്നെ കുട്ടികളിൽ എത്തിക്കാൻവേണ്ടിയുള്ള നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. വി. സുമേഷ്: സർ, ശ്രദ്ധേയ പദ്ധതിയാണ് സ്റ്റുഡന്റ്സ് സഭ. 140 മണ്ഡലങ്ങളിലും നടപ്പിലാക്കുമോയെന്നാണ് എന്റെ ചോദ്യം?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, 140 മണ്ഡലങ്ങളിലും നടപ്പിലാക്കണം. 140 മണ്ഡലങ്ങളിലെയും ഗവൺമെന്റ് സ്കൂളുകളിലും കോളേജുകളിലും ഈ പദ്ധതി നടപ്പിലാക്കും.

(ചോദ്യോത്തര സമയം കഴിഞ്ഞു)